കേരള സർക്കാർ

# എല്ലാവരും ജലാശയങ്ങളിലേക്ക്

## ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ

ഫെബ്രുവരി 2019

# അവതാരിക

നമ്മുടെ നാട്ടിലെ മുഴുവൻ ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കുകയും അവയെ അതേപടി പരിപാലിക്കുകയുമാണ് ഹരിതകേരളം മിഷൻ ജല ഉപമിഷന്റെ പ്രധാന ലക്ഷ്യം. അതോടൊപ്പം തന്നെ വരുംതലമുറയുടെ ജലസുരക്ഷ ഉറപ്പാക്കിക്കൊണ്ട് അവ പ്രാദേശിക ജലസ്രോതസ്സുകളായി ഉപയോഗിക്കുക എന്നതും പരമപ്രധാനമാണ്. ഇതിനനുഗുണമായ രീതിയിൽ ഒരു ജല ഉപഭോഗ സംസ്കാരം ജനങ്ങളിൽ രൂപപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ഹരിതകേരളം മുന്നോട്ടു വച്ച ലക്ഷ്യങ്ങളിൽ ആകൃഷ്ടരായി സംസ്ഥാനത്ത് അങ്ങോളമിങ്ങോളം അനവധി പുഴപുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയമായി നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. ഇവയൊക്കെതന്നെ സമാനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധരാകുന്നവർക്ക് മാതൃകയാണ്. ഈ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി പുഴപുനരുജ്ജീവനത്തിനായി ഒരു പ്രവർത്തനരേഖ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും 2018 ഒക്ടോബർ 25-26 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന പുഴപുനരുജ്ജീവന ശിൽപ്പശാലയിലൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് മൂർത്തമാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ സംസ്ഥാന അവലോകന യോഗത്തിൽ ഒരു ജില്ലയിൽ ഒരു പുഴയോ ഒരു തോടോ എങ്കിലും ജനകീയമായി പുനരുജ്ജീവിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം ഹരിതകേരളം മിഷൻ വാർഷിക ദിനമായ ഡിസംബർ 8 ന് 'എല്ലാവരും ജലാശയങ്ങളിലേക്ക്' എന്ന പേരിൽ ഒരു പുഴ പുനരുജ്ജീവന പരിപാടി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തുകയുണ്ടായി. പ്രവർത്തനങ്ങളിൽ പങ്കെടുത്തവരിലും പുഴകളെ സ്നേഹിക്കുന്നവരിലുമൊക്കെ വലിയ ആവേശമുണ്ടാക്കിയ ഈ പ്രവർത്തനങ്ങളിൽ സംസ്ഥാനത്താകെ 137 പുഴകൾ/നീർച്ചാലുകൾ മാലിന്യമുക്തമായി പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞു. ഇതിന്റെ ഒരു ഹ്രസ്വറിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരേയും ഇതിൽ പങ്കെടുത്ത മുഴുവൻ പേരേയും അഭിനന്ദിക്കുന്നതൊടൊപ്പം സമാനമായ പ്രവർത്തനങ്ങൾ ഈ രീതിയിൽ ഏറ്റെടുക്കാൻ സന്നദ്ധരായവർക്ക് ഈ റിപ്പോർട്ട് പ്രയോജനപ്രദമാകുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

# എല്ലാവരും ജലാശയങ്ങളിലേക്ക്

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ മറന്നുകൊണ്ടുള്ള വികസന പ്രക്രിയകൾ ഒന്നുംതന്നെ ഒരു മേഖലയിലും ശാശ്വത പുരോഗതി ഉറപ്പാക്കുന്നില്ല. ഈ തിരിച്ചറിവാണ് പ്രകൃതിയുമായുള്ള ജൈവബന്ധം നിലനിർത്താൻ മുമ്പത്തേക്കാൾ ഇക്കാലത്ത് നമ്മെ പ്രേരിപ്പിക്കുന്നത്. പ്രകൃതിയെയും ജീവിതത്തെയും ഉർവ്വരമാക്കിയിരുന്ന പുഴകളെ നാശത്തിൽ നിന്നും തിരിച്ചുപിടിക്കണമെന്ന ആശയത്തിന് പ്രസക്തി വർദ്ധിക്കുന്നതും ഈ സാഹചര്യത്തിലാണ്.

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി ഹരിതകേരളം മിഷന്റെ ജലഉപദൗത്യം ജനപങ്കാളിത്തത്തോടെയുള്ള പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ജനകീയ കൂട്ടായ്മയിലൂടെ ഉരുത്തിരിയുന്ന ഇത്തരം പദ്ധതികൾക്ക് മികച്ച സാങ്കേതിക പിന്തുണ നൽകി സുസ്ഥിരമായി നിലനിർത്തുന്നതിന് വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ ഏകോപനവും ഹരിതകേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ നടന്നതും ഇപ്പോൾ നടന്നുവരുന്നതുമായ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിച്ചുവരുന്ന നേതൃപരമായ പങ്കും ശ്രദ്ധേയമാണ്.

ഹരിതകേരളം മിഷൻ സംസ്ഥാന യോഗത്തിൽ ജില്ലയിൽ ഒരു പുഴയെങ്കിലും ജനകീയമായി പുനരുജ്ജീവിപ്പിക്കാൻ തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുഴകൾക്ക് പുതുജീവൻ നൽകാൻ ലക്ഷ്യമിട്ട് സമഗ്ര പുഴ ശുചീകരണ സംരക്ഷണ



പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ടാണ് ഹരിതകേരളം മിഷൻ മൂന്നാം വർഷ ത്തിലേയ്ക്ക് ചുവടുവച്ചത്. ഇതിനു മുന്നോടിയായി മിഷന്റെ കഴിഞ്ഞ രണ്ടു വർഷ ക്കാലയളവിൽ വിജയകരമായി നിർവ്വഹിച്ച പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളെ ആധാരമാക്കി ദ്വിദിന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. 2018 ഒക്ടോബർ 25, 26 തീയതികളിലായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശില്പശാലയിൽ പുഴ പുന രുദ്ധാരണ പ്രവർത്തനത്തിനായുള്ള ജനകീയ ഇടപെടലുകൾക്ക് നേതൃത്വം നൽകിയ വരും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരും തങ്ങളുടെ അനുഭവങ്ങളും അവർ അനു വർത്തിച്ച രീതിശാസ്ത്രവും പങ്കുവച്ചു.

ഈ ശിൽപ്പശാലയിൽ നിന്നും പാഠവും ആവേശവും ഉൾക്കൊണ്ടുകൊണ്ടാണ് പിന്നീട് നടന്ന പുഴ പുനരുദ്ധാരണ പ്രവർത്തനങ്ങൾ. ഹരിതകേരളം മിഷൻ വാർ ഷിക ദിനമായ ഡിസംബർ 8 ന് എല്ലാവരും ജലാശയങ്ങളിലേയ്ക്ക് എന്ന പേരിൽ ഒരു പുഴ പുനരുജ്ജീവന പരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 137 പുഴകളുടെ/ നീർച്ചാലുകളുടെ ശുചീകരണ പ്രവർത്തനമാണ് നടന്നത്. 30510 ഓളം പേർ വിവിധ ദിവസങ്ങളിലായി നടന്ന പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഇതിലൂടെ 209.415 കി.മീ ദൂരത്താണ് പുഴ പുനരുദ്ധാരണ ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. (2018 ജൂൺ വരെ 17182 കി.മീ പുഴ/തോടുകളുടെ ശുചീകരണം നടന്നിട്ടുണ്ട്.) ഇത് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | പുനരുജ്ജീവനം നടത്തിയ പുഴകൾ/ നീർച്ചാലുകൾ | | ആകെ പങ്കെടുത്ത ആളുകളുടെ എണ്ണം |
|---|---|---|---|
| | എണ്ണം | നീളം(കി.മീ.) | |
| തിരുവനന്തപുരം | 9 | 25.86 | 6265 |
| കൊല്ലം | 2 | 16 | 3000 |
| പത്തനംതിട്ട | 1 | 4 | 250 |
| ആലപ്പുഴ | 32 | 44 | 1600 |
| കോട്ടയം | 1 | 0.532 | 200 |
| ഇടുക്കി | 4 | 18 | 4000 |
| എറണാകുളം | 2 | 1.75 | 500 |
| തൃശ്ശൂർ | 2 | 16 | 536 |
| പാലക്കാട് | 4 | 5.25 | 755 |
| മലപ്പുറം | 3 | 1.8 | 1120 |
| കോഴിക്കോട് | 1 | 0.6 | 250 |
| വയനാട് | 17 | 53.6 | 4145 |
| കണ്ണൂർ | 32 | 1.823 | 4500 |
| കാസർഗോഡ് | 27 | 20.2 | 3389 |
| ആകെ | 137 | 209.415 | 30510 |

## പ്രധാന പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ ജില്ലകളിലും ജനപ്രതിനിധികളുൾപ്പെടെ വൻജനപങ്കാളിത്ത ത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുമാണ് പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നത്. ഇവയിൽ പ്രധാനപ്പെട്ടവ സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

### തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ വെള്ളംകുടി കോട്ടൂർ ഏലാ തോട് 600 മീറ്ററോളം പുനരുജ്ജീവിപ്പിച്ചു, ശുചീകരണ പ്രവർത്തനം നടത്തി. വാമന പുരം നദിയിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടുകൊണ്ട് പച്ച ശാസ്താ ക്ഷേത്ര ബലിക്കടവ് മുതൽ പാലോട് വരെ 1000 ത്തോളം പേർ പങ്കെടുത്തുകൊണ്ട് 3 കി.മീ പുഴ ശുചീകരിച്ചു. വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ കൊല്ലംകോട് തോട്, പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ കല്ലിയോട് പുഴ, മണമ്പൂർ പഞ്ചായത്തിലെ വലിയ തോട്, കിളിമാനൂർ പഞ്ചായത്തിലെ മുളയ്ക്കലത്തുകാവ് നിലവൻമുഴിയിൽ തോട്, പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പേടികുളം ഏലാതോട്, മടവൂർ ഗ്രാമപഞ്ചായത്തിലെ ചാങ്ങയിൽകോണംചിറ, ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ കണ്ണേറ്റിൽ എന്നിവിടങ്ങളിലും പുഴ ശുചീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു.




### കൊല്ലം ജില്ല

കൊല്ലം ജില്ലയിൽ നടന്ന പാണ്ടിവയൽ തോട് പുനരുജ്ജീവനം സംസ്ഥാനത്ത് ഏറെ ശ്രദ്ധ നേടി. ആറു പ്രദേശങ്ങളിലായി 3000 ത്തോളം ആളുകളുടെ പങ്കാളിത്തത്തോടെ യാണ് ഏകദിന ശുചീകരണ പ്രവർത്തനം നടന്നത്. കല്ലടയാറിലും പുനരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചു.



## പത്തനംതിട്ട

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിലും ഇലന്തൂർ ഗ്രാമ പഞ്ചായത്തിലും ഉൾപ്പെടുന്ന കോഴിത്തോടിന്റെ ശുചീകരണം നടന്നു. പുഴപുനരുജ്ജീവനത്തിന് മുന്നോടിയായി ഡിസംബർ 4 ന് പുഴനടത്തം സംഘടിപ്പിച്ചു. ഡിസംബർ 8 ന് നടന്ന പ്രവർത്തനത്തിന്റെ ഭാഗമായി 4 കി.മീ. തോട് ശുചീകരിച്ചു. ഇതുകൂടാതെ വരട്ടാറിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. വരട്ടാറിന്റെ തീരത്തെ പൊതുഭൂമി അളന്നുതിട്ടപ്പെടുത്തി അതിരുകല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു.




## ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ എ.എസ് കനാൽ–പ്ലാക്കുഴി തോട്, നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ സാർക്ക് തോട്, മുട്ടാർ ഗ്രാമപഞ്ചായ

ത്തിലെ പള്ളിപ്പാലം തോട്, ശ്മശാനം തോട്, പുറത്തേ ഇരുപത് തോട്, വള്ളപ്പുരതോട്, എന്നിവിടങ്ങളിൽ ശുചീകരണം നടന്നു. ഇതിനുപുറമേ ചേർത്തല തെക്കിലെ കരിപ്പയിൽ ചാൽ ശുചീകരിച്ചു. ചന്തിരൂർ പുത്തൻതോട്, അമ്പലപ്പുഴ കാപ്പിത്തോട് എന്നിവയോട് ചേർന്നുള്ള ചാലുകളും വൃത്തിയാക്കി. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ടി.എ കനാൽ-അകമ്പടിക്കുന്ന് തോട്, എ.എസ് കനാൽ-പ്ലാക്കുഴിതോട്, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിൽ കോട്ടവാതിൽ മുതൽ വാതല്ലൂർ കോയിക്കൽ വരെ പ്രദേശങ്ങൾ, കരുവാറ്റ ഗ്രാമപഞ്ചായത്തിലെ 17 ജലസ്രോതസ്സുകളിലും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ വേമ്പനാട് കായലിനും എ.എസ് കനാലിനുമിടയിലുള്ള തോട്, മുട്ടാർ പഞ്ചായത്തിലെ 4 ഇടങ്ങളിലും പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ 4 തോടുകളും വൃത്തിയാക്കി.

## കോട്ടയം

കോട്ടയം മുനിസിപ്പാലിറ്റിയിലെ കുന്നുകുഴിച്ചിറത്തോടിലെ മാലിന്യം നീക്കം ചെയ്തു നവീകരിച്ചു. 532 മീറ്റർ നീളവും 2.50 മീറ്ററോളം വീതിയുമുള്ള തോടാണ് പുനരുജ്ജീവിപ്പിച്ചത്. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർസംയോജന പദ്ധതിയുടെ ഭാഗമായ തോടാണ് പുനരുജ്ജീവിപ്പിച്ചത്. ജലസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ വ്യാപക പ്രചാരണവും സംഘടിപ്പിച്ചു. എന്റെ നാട് എന്റെ നദി എന്ന പോസ്റ്റർ തയ്യാറാക്കി പ്രചാരണം നടത്തി.

## ഇടുക്കി

ഇടുക്കി ജില്ലയിൽ മരിയാപുരം ഗ്രാമപഞ്ചായത്തിൽ 1500 ഓളം പേർ പങ്കെടുത്ത പുഴ നടത്തം സംഘടിപ്പിച്ചു. തൊടുപുഴ നഗരസഭയിലെ കുട്ടിത്തോട് വൃത്തിയാക്കി. അടിമാലി പഞ്ചായത്തിൽ ദേവിയാർ പുഴയുടെ വീണ്ടെടുക്കൽ പരിപാടിക്ക് തുടക്കമിട്ടു. മൂന്നുമാസം കൊണ്ട് പുഴയെ സമ്പൂർണ്ണ മാലിന്യമുക്തമാക്കി വീണ്ടെടുക്കുകയാണ് ലക്ഷ്യം.



## എറണാകുളം

എറണാകുളം ജില്ലയിൽ മുളക്കുഴ, വേങ്ങൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പുഞ്ചക്കുഴിത്തോട് ശുചീകരണം നടന്നു. വാഴക്കുളം പഞ്ചായത്തിലെ ചെറുവേലിക്കുന്ന് തുറ ശുചീകരണത്തിനും തുടക്കമായി. തോട് പെരിയാറിൽ പതിക്കുന്നിടംവരെ ശുചീകരിക്കാനാണ് പദ്ധതി

## തൃശൂർ

തൃശൂർ ജില്ലയിലെ പാവറട്ടി പഞ്ചായത്തിൽ ഉൾപ്പെട്ട പെരിങ്ങാട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചു. എടത്തുരുത്തി-കനോലികനാൽ സംരക്ഷണ പ്രവർത്തനങ്ങൾക്കും തുടക്കമായി.



## പാലക്കാട്

പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ മംഗലപ്പുഴയോരം ശുചീകരണം നടത്തി. പുഴ വീണ്ടെടുക്കലിന്റെ ഭാഗമായി ആലത്തൂർ പഞ്ചായത്തിലെ കാവത്തുകുളം മുതൽ കുട്ടംമുച്ചി വരെ ഏതാണ്ട് 11 ഏക്കർ പുഴയോരം വൃത്തിയാക്കി. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കൊളയക്കോട് പ്രദേശത്തും തീരസംരക്ഷണ പ്രവർത്തനങ്ങൾ നടന്നു. നെന്മാറ ഗ്രാമപഞ്ചായത്ത് കണ്ണോട് പ്രദേശത്തുള്ള ഗായത്രീനദീതടത്തിലുള്ള ഒന്നും രണ്ടും നിര നീർച്ചാൽ പുനരുജ്ജീവനം നടത്തി.

## മലപ്പുറം

മലപ്പുറം ജില്ലയിൽ വേരിങ്ങാവ് മണക്കടവ് തോട്, മാടമ്പത്ത് തോട്, മുണ്ടപ്പാടം-വൈപ്പിനി നീർത്തടം എന്നിവിടങ്ങളിൽ വൻജനപങ്കാളിത്തത്തോടെയാണ് ജലസംര

ക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ മാടമ്പത്ത് തോട് പുനരുജ്ജീവന പ്രവർത്തനത്തിൽ 700 പേർ പങ്കെടുത്തു. 300 മീറ്റർ തോട് ഇതിന്റെ ഭാഗമായി ശുചീകരിച്ചു.

## കോഴിക്കോട്

കോഴിക്കോട് ജില്ലയിലെ പെരുവൻമാട് തോട് ശുചീകരണവും വീണ്ടെടുക്കൽ പ്രവർത്തനങ്ങളും നടന്നു. കൃത്യമായ ആസൂത്രണത്തോടുകൂടിയാണ് പരിപാടികൾ സംഘടിപ്പിച്ചത്. ശുചീകരണത്തിന്റെ ഭാഗമായി ശേഖരിച്ച മാലിന്യങ്ങൾ തരംതിരിച്ച് കൈയ്യൊഴിയുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു.

## വയനാട്

വയനാട് ജില്ലയിൽ കബനി നദിയുടെയും അതിന്റെ കൈവഴികളുടെയും പുനരുജ്ജീവന പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നത്. ഇതിൽ 17 തോടുകളാണ് ഉൾപ്പെട്ടിരുന്നത്. 49.6 കി.മീ ദൂരമാണ് വൃത്തിയാക്കിയത്. ജില്ലയിലെ 15 പഞ്ചായത്തുകളിലും 3 നഗരസഭകളിലുമായി ബഹുജന പങ്കാളിത്തത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.



## കണ്ണൂർ

കണ്ണൂർ ജില്ലയിൽ 32 പഞ്ചായത്തുകളിലായി വിവിധ ജലസംരക്ഷണ പുഴ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. 4283 തടയണകൾ നിർമ്മിച്ചു. 1823 മീറ്റർ നീളത്തിൽ തോടു ശുചീകരണം നടത്തി. 16 കുളങ്ങൾ വൃത്തിയാക്കി. കാങ്കോൽ ഹരി തീർത്ഥക്കര വെള്ളച്ചാട്ടം ശുചിയാക്കി. കക്കാട് പുഴ, എടയാർ പുഴ, അഞ്ചരക്കണ്ടിപ്പുഴ, കാടാച്ചിറ



വലിയതോട്, മുണ്ടേരി പഞ്ചായത്ത് വലിയതോട്, കീലേരികുളം, നടുക്കണ്ടം വയൽ ക്കുളം, തളിയിൽ കുഞ്ഞുകുളം, കല്ലമ്പ്രം തോട്, മുണ്ടപ്പുറം, മൂലക്കുളം, മണ്ണോറക്കുളം എന്നിവിടങ്ങളിലെ ജലസംരക്ഷണ ശുചീകരണ പ്രവർത്തനങ്ങൾക്ക് വൻജന പങ്കാളി ത്തമാണുണ്ടായത്.

## കാസർകോഡ് ജില്ല

കാസർകോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിൽ മാനൂരി അരയിപ്പുഴയിലും വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ പാലക്കുന്ന് തോട്, ഏച്ചിലങ്കായം-വരമ്പുപാറ തോട്, നീലേശ്വരം നഗരസഭയിലെ പാലായി വള്ളിക്കുന്നുമ്മേൽ കുളം, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ മുഴക്കോം പാടശേഖരതോട് കുഴിഞ്ഞടിക്കുളം, മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ കുണ്ടുകൊളകതോട്, അനപലത്തറ പേരൂർ തോട്, കരിന്തളം ഗ്രാമ പഞ്ചായത്തിൽ നെല്ലിയടുക്ക കൂവാറ്ററി ചാല്, പൂണൂർ-ഇരിയയിൽ നിന്നുള്ള ചിത്താരി പ്പുഴ, മീഞ്ച ഗ്രാമപഞ്ചായത്തിലെ കളൂർ കരിപ്പാർ കളായി കട്ടതോട്, കാഞ്ഞങ്ങാട് നഗര സഭയിലെ പരുത്തിപ്പുഴ, പൈവളിക ഗ്രാമപഞ്ചായത്തിലെ ബായിക്കട്ടെ, പൈവളികെ പള്ളങ്ങൾ, തൃക്കരിപ്പൂർ പഞ്ചായത്തിലെ എ.ജി.കുളം, മധൂർ പഞ്ചായത്തിലെ പെട്ടും കുഴി കേളു ഗുഡ്ഡെകുളം, പൊയ്നാച്ചി മൊട്ടെ കുളം, പള്ളിക്കര ഗ്രാമപഞ്ചായത്തിലെ കരുവാറ്റക്കോട് ചരൽക്കടവ് തോട്, മാണിയാട് തോട്, പുലിയൂർ-പെരിയ ഗ്രാമപഞ്ചാ യത്തിലെ അമ്പലത്തറ പേരൂർ തോട്, ദേരഡക്ക ശാന്തനഡക്ക കനാൽ, ചെങ്കള ഗ്രാമപ ഞ്ചായത്തിലെ എടനീര് മധുവാഹിനിപ്പുഴ, ബളാൽ ഗ്രാമപഞ്ചായത്തിലെ പാടി എസ്.ടി കോളനി കുളം, ബളാൽ പഞ്ചായത്തിലെ ചെത്രവാഹിനി നീർച്ചാൽ, ദേലംപാടി ഗ്രാമ പഞ്ചായത്തിലെ കിണർ, മഴക്കുഴി നിർമ്മാണ പ്രവർത്തനങ്ങൾ, കാറഡുക്ക ഗ്രാമപഞ്ചാ യത്തിലെ കൊട്ടംകുഴിയിലെ വലിയകുളം, കള്ളാർ ഗ്രാമ പഞ്ചായത്തിലെ നീളംകയം,



മഞ്ഞങ്ങാനം, ഒരള എന്നിവിടങ്ങളിലെ തോടുകൾ എന്നിവയാണ് കാസർകോഡ് ജില്ല യിൽ നടന്ന പ്രധാന ജലസംരക്ഷണ ശുചീകരണ പ്രവർത്തനങ്ങൾ.

സംസ്ഥാനത്തൊട്ടാകെ ജനങ്ങൾ ആവേശത്തോടെയാണ് പുഴ പുനരുജ്ജീവന പ്രവർത്തനം ഏറ്റെടുത്തത്. വലിയ ജനകീയ പങ്കാളിത്തമാണ് ഈ പ്രവർത്തനങ്ങ ളിൽ ദൃശ്യമായത്. എല്ലായിടത്തും മന്ത്രിമാർ എം.എൽ.എ മാർ, എം.പി മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങി ജനപ്രതിനിധികളും മറ്റു ജനനേതാക്കളുമാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കണ്ണൂരിലെ കക്കാട് പുഴ, കോഴിക്കോട് പെരുവൻമാട് തോട് തുടങ്ങി പുനരുജ്ജീവനം തികച്ചും അസാധ്യമെന്നു കരുതിയിരുന്ന ജലസ്രോതസ്സുകളാണ് ജനകീയമായി ശുചിയാക്കി പുനരുജ്ജീവിപ്പിച്ചത്. കൊല്ലം ജില്ല യിലെ പാണ്ടിവയൽ ഏലാ തോട് പുനരുജ്ജീവനം ഇതിൽ എടുത്തു പറയാവുന്നതാണ്. തോട് പുനരുജ്ജീവിപ്പിച്ചതോടൊപ്പം പ്രദേശത്തെ വർഷങ്ങളായി തരിശു കിടന്ന പാട ശേഖരങ്ങളിലെ നെൽകൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു. അധികമായി ആവശ്യം വന്ന ജലം കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി സമയബന്ധിതമായി ലഭ്യമാക്കുവാനും ഈ ജനകീയ സമിതിയ്ക്ക് കഴിഞ്ഞു. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ഇതിന് നേതൃത്വം നൽകുന്ന കൊട്ടാരക്കര നഗരസഭയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. ഇത്രയും സന്നദ്ധ പ്രവർത്തനം സമാഹരിച്ചുകൊണ്ട് ഒന്നോ രണ്ടോ ദിവസങ്ങളിലായി എല്ലാ ജില്ലകളിലും ഉൾപ്പെട്ട 137 നീർച്ചാലുകൾ/പുഴകൾ എന്നിവ 210 കിലോമീറ്റ റോളം ശുചിയാക്കിയ പ്രവർത്തനം എക്കാലത്തേയും മാതൃകയാണ്. ഇതിന്റെ സംഘാ ടനത്തിനായി മെച്ചപ്പെട്ട മുന്നൊരുക്ക പ്രവർത്തനം ഹരിതകേരളം മിഷന്റെ നേതൃ ത്വത്തിൽ ജില്ലകളിൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഓരോ ജില്ലയിലും നടന്ന പുഴപുനരു ജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

# അനുബന്ധം

ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടന്ന
പുഴപുനരുജ്ജീവന പ്രവർത്തനങ്ങളുടെ ജില്ലതിരിച്ചുള്ള വിശദവിവരം

## തിരുവനന്തപുരം

### വാമനപുരം നദീ പുനരുദ്ധാരണം

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നദി പുനരുദ്ധാരണ കർമ്മ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നന്ദിയോട് പഞ്ചായത്തിലെ പച്ച ശാസ്താ ക്ഷേത്രത്തിനു സമീപത്ത് വച്ച് നടന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. വാമനപുരം എം.എൽ.എ ശ്രീ. ഡി.കെ. മുരളി നിർവ്വഹിച്ചു. സംഘാടക സമിതി ചെയർമാനായ വാമനപുരം ബ്ലോക്ക് പ്രസിഡന്റ് ശ്രീ. കെ.പി. ചന്ദ്രൻ സ്വാഗതം ആശംസിച്ചു. വാമനപുരം നദി സംരക്ഷിക്കുന്നതിന്റെ ആവശ്യകതയും പദ്ധതിയും പ്രസക്തിയും അദ്ദേഹം വിവരിച്ചു. പച്ച ശാസ്താക്ഷേത്ര ബലിക്കടവ് മുതൽ പാലോട് വരെ 3 കി.മീ ശുചീകരണ പ്രവർത്തനമാണ് നടത്തിയത്. ശുചീകരണങ്ങൾക്ക് തൊഴിലുറപ്പ്, കുടുംബശ്രീ, എൻ.എസ്.എസ്. വോളണ്ടിയർമാർ ഇതര സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾപ്പെടെ 1000 പേർ പങ്കെടുത്തു. ബ്ലോക്ക് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള മെഡിക്കൽ സംഘം ശുചീകരണ പ്രവർത്തകർക്കുള്ള രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചു.



## വെള്ളംകുടി കോട്ടൂർ ഏലാതോട്- കല്ലറ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കല്ലറ ഗ്രാമപഞ്ചായത്ത് നീർച്ചാൽ പുനരുജ്ജീവനം പ്രവൃത്തി നടത്തുന്നതിനായി വെള്ളംകുടി വാർഡിലെ വെള്ളംകുടി കോട്ടൂർ ഏലാതോട് പുനരുജ്ജീവിപ്പിച്ചു. പുനരുജ്ജീവന പ്രവർത്തനം വാർഡ് മെമ്പർ ശ്രീ. സജു. എസ് ഉദ്ഘാടനം ചെയ്തു. മുന്നൊരുക്ക പ്രവർത്തനത്തിന്റെ ഭാഗമായി ജലസംരക്ഷണ സാങ്കേതിക സമിതി യോഗം നടത്തി. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ നീർച്ചാലിനു സമീപത്തുള്ള വീടുകളിൽ പ്രചാരണ പ്രവർത്തനങ്ങളും നടത്തി. 600 മീറ്ററോളം പുനരുജ്ജീവന പ്രവർത്തനം നടത്തി.

## കൊല്ലംകോണം തോട് നവീകരണം-വിളപ്പിൽ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനം കൊല്ലംകോണം തോട് നവീകരിച്ചുകൊണ്ട് നടത്തി. പേയാട് കൊല്ലംകോണം ജംഗ്ഷനിൽ വച്ച് സംഘടിപ്പിച്ച യോഗത്തിൽ വിളപ്പിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.



കെ.അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. തുരുത്തുംമൂല മിണ്ണംകോട് വാർഡുകളിൽ 2 കി.മി ദൂരം നടന്ന ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം ബഹു.കാട്ടാക്കട നിയോജക മണ്ഡലം എം.എൽ.എ ഐ.ബി സതീഷ് നിർവ്വഹിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് വിളപ്പിൽ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് വിളപ്പിൽ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. അസീസ്, വാർഡ്മെമ്പർമാർ, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ തുടങ്ങിയവർ സംസാരിച്ചു.

കൊല്ലംകോണം തോടിന്റെ 2 കി.മി ദൂരം വൃത്തിയാക്കുന്ന പരിപാടിയിൽ തൊഴിലുറപ്പ്, എൻ.എസ്.എസ്. വോളന്റിയർമാർ, കുടുംബശ്രീ, വിവിധ സന്നദ്ധ പ്രവർത്ത

കർ എന്നിവർ ഉൾപ്പെടെ ജനകീയമായിട്ടാണ് നദി ശുചീകരണ പ്രവർത്തനം നടന്നത്. അതോടൊപ്പം സ്കൂൾ വിദ്യാർത്ഥികൾ, എൻ.എസ്.എസ്. വോളന്റിയർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ചുറ്റുപാടുമുള്ള വീടുകളിൽ വൃക്ഷതൈകൾ വിതരണം ചെയ്തു. തൊഴിലുറപ്പ് പ്രവർത്തകരെ തുരുത്തുമ്മൂല വാർഡ്, മിണ്ണുകോട് വാർഡിലുമായി വിന്യസിച്ചുകൊണ്ട് ശുചീകരണ പ്രവർത്തനം നടത്തി. മെഡിക്കൽ സഹായവുമായി വിളപ്പിൽ സാമൂഹിക ആരോഗ്യകേന്ദ്രവും ഒപ്പം ഉണ്ടായിരുന്നു.

## കല്ലിയോട് പുഴ-പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ വാർഡുകളായ പന്തപ്ലാവിക്കോണം, വെള്ളുമണ്ണടി എന്നിവിടങ്ങളിലൂടെ ഒഴുകുന്ന കല്ലിയോട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങളാണ് നടന്നത്. സന്നദ്ധ സംഘടനാ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ രാഷ്ട്രീയ പ്രതിനിധികൾ, പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ 160 ഓളം പേർ പങ്കെടുത്തു. തോടിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് തടയണ നിർമ്മാണമാണ് ആദ്യമായി ഏറ്റെടുത്ത പ്രവൃത്തി. അതുകഴിഞ്ഞ് തോടിന്റെ ഇരുവശങ്ങളിലും മുളതൈകൾ വച്ച് പിടിപ്പിച്ചു.

## കവലൂർ പൂവത്തുമൂല തോട്-മണമ്പൂർ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം പദ്ധതിയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മണമ്പൂർപഞ്ചായത്തിൽ കവലൂർ പൂവത്തുമൂല തോട് പുനരുദ്ധാരണം നടത്തി. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ബഹു. പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.

## നിലവൻ മൂഴിയിൽ തോട്-കിളിമാനൂർ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷന്റെ വാർഷികത്തിന്റെ ഭാഗമായി കിളിമാനൂർ പഞ്ചായത്തിലെ 6-ാം വാർഡിലെ മുളയ്ക്കലത്തുകാവ് നിലവൻമുഴിയിൽ തോടിൽ തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ തുടങ്ങിയവരുടെ സഹകരണത്തോടെ പുനരുദ്ധാരണം നടത്തി. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രാജലക്ഷ്മി അമ്മാൾ കുളയ്ക്കലത്തുകാവ് സാംസ്കാരിക സമിതിയിൽ വച്ച് നടത്തി. ഇതിന്റെ ഭാഗമായി നിലവൻമൂഴി മുതൽ മുളയ്ക്കലത്തുകാവ് വരെയുള്ള 100 മീറ്റർ ദൂരത്തിൽ 20 ബണ്ടുകൾ നിർമ്മിക്കുകയും എല്ലാതരം മാലിന്യങ്ങളും മാറ്റി തോട് ശുചീകരിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിൽ ഏകദേശം 55 സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.

## പേടികുളം ഏലാത്തോട്-പുളിമാത്ത് ഗ്രാമപഞ്ചായത്ത്

പുളിമാത്ത് ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷന്റെ പുഴ പുനരുജ്ജീവനം പ്രവർത്തനത്തിന്റെ ഭാഗമായി പേടികുളം ഏലത്തോട് പുനരുജ്ജീവനം നടത്തി. അതിന് മുന്നോടിയായി ജനപ്രതിനിധികൾ, കുടുംബശ്രീ, തൊഴിലുറപ്പ് വിഭാഗം, നാഷണൽ സർവ്വീസ് സ്കീം എന്നിവ മുഖേന വ്യാപകമായ പ്രചരണം നടത്തി. പുളിമാത്ത് ഗ്രാമപ

ഞ്ചായത്ത് പ്രസിഡന്റ് പുഴ നടത്ത പരിപാടി ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ, സി.ഡി.എസ്. ചെയർപേഴ്സൺ, മറ്റ് ജീവനക്കാർ എന്നിവർ പങ്കെടുത്തു. ഉദ്ഘാടനത്തിനുശേഷം തോടിന്റെയും ചിറയുടേയും മാലിന്യങ്ങൾ നീക്കം ചെയ്യുകയും തോടിന്റെ സുഗമമായ ഒഴുക്കിന്റെ തടസ്സങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. 50 തൊഴിലുറപ്പ് തൊഴിലാളികൾ ടി പരിപാടിയിൽ പങ്കെടുത്തു. വാമനപുരം നദിയുടെ പാലം മുതൽ എരിത്തിനാട് വരെയുള്ള 6 കി. മി ദൂരം നദി തീരം സംരക്ഷിക്കുന്നതിനും നദിയുടെ ഒഴുക്ക് സുഗമമാക്കുന്നതിനും നദിയിൽ എത്തിച്ചേരുന്ന തോടുകൾ വൃത്തിയാക്കുന്നതിനുള്ള ബ്രഹത്തായ പരിപാടി ആസൂത്രണം ചെയ്യുന്നതിന് വിപുലമായ യോഗം വിളിച്ചുചേർക്കുന്നതിനും തീരുമാനിച്ചു.

## ചാങ്ങയിൽ കോണംചിറ-മടവൂർ ഗ്രാമപഞ്ചായത്ത്

മടവൂർ ഗ്രാമപഞ്ചായത്ത്തല ജലാശയ നവീകരണ പ്രവർത്തനങ്ങൾ 5-ാം വാർഡിൽ ചാങ്ങയിൽകോണം ചിറ ശുചീകരിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, തൊഴിലുറപ്പ് വിഭാഗം എഞ്ചിനീയർ, ഓവർസിയർ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സേവകർ, യുവജന ക്ലബ്ബ് പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. മറ്റ് വാർഡുകളിലും ജലാശയ ശുചീകരണ പ്രവർത്തനങ്ങൾ മെമ്പർമാരുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികളുടെയും പങ്കാളിത്തത്തോടെ നടക്കുകയുണ്ടായി.

## കണ്ണേറ്റിൽ പെരിങ്ങാം കോണം തോട്-ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീരൊഴുക്ക് ഇല്ലാതിരുന്ന കണ്ണേറ്റിൽ പെരിങ്ങാംകോണം തോട് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. 60 മീറ്റർ പുഴ ശുചീകരണം നടത്തി. 35 തൊഴിലുറപ്പ് തൊഴിലാളികൾ പങ്കെടുത്തു.

# കൊല്ലം

## പാണ്ടിവയൽ തോട് പുനരുജ്ജീവനം

കൊട്ടാരക്കര നഗരസഭാ പരിധിയിലുള്ള ഏകദേശം 17 കി.മി ഓളം നീളത്തിലൊഴുകുന്ന പാണ്ടിവയൽ തോടും അതിന്റെ കൈവഴികളുടെയും പുനരുജ്ജീവന പ്രവർത്തനത്തിനായി കൊട്ടാരക്കര നഗരസഭയിൽ നവംബർ 7ന് ആദ്യ ആലോചനായോഗം കൂടുകയുണ്ടായി. അതിനുശേഷം ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തൊഴിലുറപ്പ്/കുടുംബശ്രീ പ്രവർത്തകർ തുടങ്ങി എല്ലാവരെയും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിൽ യോഗങ്ങൾ നടത്തുകയുണ്ടായി. നഗരസഭാതലത്തിൽ ഇതിനായി നഗരസഭചെയർപേഴ്സൺ ചെയർമാനായും ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും സംഘാടകസമിതി രൂപീകരിച്ചു. അതിനുശേഷം 6 പ്രാദേശിക സമിതികൾ അതാത് കൗൺസിലർമാരുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കുകയും ഭാരവാഹികളെ നിശ്ചയിക്കുകയും ചെയ്തു.



നവംബർ 15ന് തോടിന്റെ കരകളിലൂടെനടന്ന് അവസ്ഥാപഠനം നടത്തി ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശകലനം ചെയ്തു. നവംബർ 16ന് ജനകീയ സദസ്സ് സംഘടിപ്പിക്കുകയും ആവശ്യമായ പ്രചാരണം പത്രമാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ വഴിയും, നോട്ടീസ്, ബാനർ മുഖേനയും നൽകുകയുണ്ടായി. ആശയ വിനിമയത്തിനായി വാട്ട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും ഇതുവഴി വിവിധ തലത്തിലുള്ളവരുമായി ആശയവിനിമയം നടത്തി ഉചിതമായ തീരുമാനങ്ങൾ എടുക്കുവാനും സാധിച്ചു. ഡിസംബർ 5 ന് ബഹു.എം.എൽ.എ ശ്രീമതി. ആയിഷാ പോറ്റിയുടെ അദ്ധ്യക്ഷതയിലും ജില്ലാ കളക്ടറുടെയും റൂറൽ എസ്.പി.യുടെ സാന്നിദ്ധ്യത്തിലും വീണ്ടും 1000 പേരടങ്ങുന്ന ജനകീയ സദസ്സ് കൂടുകയും വിളംബര ഘോഷയാത്ര നടത്തുകയും ചെയ്തു. അതിനുശേഷം വീണ്ടും ഡിസംബർ 7ന് നഗരസഭയിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നു. ചെയ്യേണ്ട പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം ചെയ്തു.

2018 ഡിസംബർ 5ന് രാവിലെ 7.00 മണി മുതൽ തോടിന്റെ ഇപ്പോഴത്തെ അവസ്ഥ ഡോക്യുമെന്റ് ചെയ്യുകയും വ്യത്യസ്ഥ സ്ഥലങ്ങളിൽ നിന്നും വെള്ളത്തിന്റെ സാമ്പിൾ ശേഖരിക്കുകയും ചെയ്തു. കൃത്യം 8.00 മണിക്ക് യോഗം ആരംഭിച്ചു. ബഹു. ജലവിഭവ വകുപ്പ് മന്ത്രി. ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകൾ പാണ്ടിവയൽ തോട് പുനരുജ്ജീവന പ്രവർത്തനം ഉദ്ഘാടനം ചെയ്തു. എം.എൽ.എ ആയിഷാ പോറ്റി മുൻ എം.എൽ.എ. ശ്രീ. രാമചന്ദ്രൻ, ജില്ലാ കളക്ടർ, കൊട്ടാരക്കര റൂറൽ എസ്.പി. ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, തഹസിൽദാർ തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു. നവകേരളം പദ്ധതി കോർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്പിന്റെ നേതൃത്വത്തിൽ പ്രതിജ്ഞ ചൊല്ലിക്കൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. ജില്ലാ കളക്ടർ രാവിലെ മുതൽ ഉച്ചവരെ സജ്ജീവമായി പ്രവർത്തനത്തിൽ പങ്കെടുത്തു. കാഴ്ചക്കാരില്ലാതെ എല്ലാവരും ഈ പ്രവർത്തനത്തിൽ പങ്കാളിയായെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. ഏകദിന പുനരുജ്ജീവന പ്രവർത്തനത്തിന് തുടർച്ചയായി മനുഷ്യസാധ്യമല്ലാത്തയിടങ്ങളിൽ മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് ഒരാഴ്ച്ചക്കാലത്തോളം

ചെളിനീക്കം നടത്തിയാണ് ശുചീകരണം പൂർത്തിയാക്കിയത്. പാണ്ടിവയൽ തോട് പുന രുജ്ജീവന പ്രവർത്തനം ജില്ലയിൽ തന്നെ മാതൃകാ പ്രവർത്തനം ആയിട്ടുണ്ട്.

6 പ്രദേശങ്ങളിലായി പ്രാദേശികസമിതിയുടെ നേതൃത്വത്തിൽ ഏകദേശം 3000 ത്തോളം ആളുകളുടെ പങ്കാളിത്തത്തോടെയാണ് ഏകദിന പ്രവർത്തനം നടത്തിയത്. വിവിധ വകുപ്പുകളായ ഇറിഗേഷൻ, ആരോഗ്യം, കൃഷി, പോലീസ് ഫയർഫോഴ്സ്, റവന്യൂ ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും എൻ.എസ്.എസ്, എസ്.പിസി. വിദ്യാർത്ഥികൾ, തൊഴിലുറപ്പ്/ കുടുംബശ്രീ പ്രവർത്തകർ, റെസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ വിവിധ മേഖല



കളിലുള്ളവരുടെയും പങ്കാളിത്തം ഈ പ്രവർത്തനം വിജയകരമായി നടത്തുന്നതിന് സഹായിച്ചു. പ്രഭാത ഭക്ഷണം കർഷകരുടെ കൂട്ടായ്മയും ഉച്ചഭക്ഷണം കുടിവെള്ളം തുടങ്ങിയവ റെസിഡന്റ്സ് അസോസിയേഷനുകളും ഹോട്ടൽ ക്യാറ്ററിംഗ് യൂണിറ്റുകളും വിവിധ പ്രാദേശിക മേഖലകളിൽ നൽകുകയുണ്ടായി. മണ്ണുമാന്തി യന്ത്രങ്ങളും മറ്റ് അനുബന്ധചെലവുകളും മെർച്ചന്റ്സ് അസോസിയേഷന്റെയും മറ്റ് വ്യവസായികളുടെയും സഹകരണത്തോടെ ഉറപ്പാക്കി.

## ഭാവി പ്രവർത്തനങ്ങൾ

1. വീണ്ടെടുത്ത പാണ്ടിവയൽ തോടിനെ മാലിന്യ വിമുക്തമാക്കി സംരക്ഷിക്കുന്നതിനായി തോട്ടിലേക്കുള്ള മാലിന്യ കുഴലുകൾ അടയ്ക്കുകയുണ്ടായെങ്കിലും ഇടവിട്ട് ഇവ പരിശോധന നടത്താൻ തീരുമാനിച്ചു.
2. തോടിലേക്ക് കൂടുതൽ മാലിന്യം വലിച്ചെറിയാൻ സാധ്യമായ ഇടങ്ങളിൽ കമ്പി വേലി നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുക്കും.
3. തോടിന്റെ സമീപത്ത് ഏകദേശം 200 ഏക്കറോളം സ്ഥലം കൃഷിയോഗ്യമാക്കും.

4. 10 ഏക്കർ സ്ഥലത്ത് മാതൃകാകൃഷിത്തോട്ടം ഒരുക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കൃഷി വകുപ്പ്, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ തുടങ്ങിയവരുമായി താമസിയാതെ യോഗം ചേരും.
5. നിലവിലുള്ള 3 വി.സി.ബി.കൾ റിപ്പയർ ചെയ്യുന്നതിനുള്ള തുക ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ ഉടൻ അനുമതി നൽകാം എന്ന് അറിയിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനം പൂർത്തീകരിച്ച് ലഭ്യമായ ഇടങ്ങളിൽ അനുയോജ്യമായ കൃഷി ആരംഭിക്കും.

## കല്ലടയാർ പുനരുജ്ജീവനം

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 121 കി.മി. നീളത്തിലൊഴുകുന്ന കല്ലടയാറും അതിന്റെ കൈവഴികളും 4 മേഖലകളായി തിരിച്ച് പുനരുജ്ജീവന പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. പുനലൂർ, പത്തനാപുരം, കൊട്ടാരക്കര, ശാസ്താംകോട്ട തുടങ്ങിയവയാണ് നാല് മേഖലകൾ. ഇതിൽ പത്തനാപുരം മേഖലയിൽ പിറവന്തൂർ, വിളക്കുടി പഞ്ചായത്തുകളിൽ ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികമായ ഡിസംബർ 8ന് കല്ലടയാർ പുനരുജ്ജീവന പ്രവർത്തനം ആരംഭിച്ചു. പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്.സജീഷിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. പത്തനാപുരം എം.എൽ.എ. ശ്രീ. കെ.ബി ഗണേഷ്കുമാർ കല്ലടയാർ പുനരുജ്ജീവന പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ പത്തനാപുരം പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ പ്രവർത്തകർ, ക്ലബ്ബുകൾ, എൻ.എസ്.എസ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങി 2000 ത്തോളം പ്രവർത്തകർ ഉദ്ഘാടന ചടങ്ങിലും ശുചീകരണ പ്രവർത്തനത്തിലും പങ്കെടുത്തു. ഡിസംബർ 30 നകം പുനരുജ്ജീവന പ്രവർത്തനം പൂർത്തിയാക്കുകയാണ് ലക്ഷ്യം.

ഇതിനോടൊപ്പം തന്നെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കല്ലടയാറിന്റെ തീരങ്ങളിൽ 25 ഓളം ഹരിതപാർക്കുകൾ നിർമ്മിക്കുകയും കുട്ടിവനം സൃഷ്ടിക്കുകയും ചെയ്യും. കൂടാതെ പിറവന്തൂർ പഞ്ചായത്തിലെ ഹരിതപാർക്കിൽ മഹാത്മാഗാന്ധിയുടെ പ്രതിമയും സ്ഥാപിക്കും.

# പത്തനംതിട്ട

## കോഴിത്തോട്

കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ആലോചനയോഗം 2018 ഡിസംബർ 1ന് കളക്ടറേറ്റിലെ എ.ഡി.സി. ഓഫീസിൽ നടന്നു. തുടർന്ന് ഡിസംബർ 4 ന് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് സംഘാടക സമിതി രൂപീകരണ യോഗം ചേർന്നു. കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി തോടിന്റെ ഉത്ഭവസ്ഥാനമായ



ചുണ്ടലംകാവ് ഊട്ടുപാറയിൽ നിന്നും ആരംഭിച്ചു കോഴിപ്പാലം വരെ ഏകദേശം 10 കിലോമീറ്റർ പുഴനടത്തം സംഘടിപ്പിച്ചു. എല്ലാ പ്രദേശങ്ങളിൽ നിന്നുമായി ഏകദേശം 250 ആളുകൾ പുഴ നടത്തത്തിൽ പങ്കെടുത്തു.

2018 ഡിസംബർ 8 ന് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.ബി. സത്യന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. ആറൻമുള എം.എൽ.എ. ശ്രീമതി വീണാ ജോർജ്ജ് നിർവ്വഹിച്ചു. തുടർന്ന് നാരങ്ങാനം പഞ്ചായത്തിലും ഇലന്തൂർ പഞ്ചായത്തിലും ഉൾപ്പെടുന്ന തോടിന്റെ ഭാഗങ്ങളിൽ കുടുംബശ്രീയുടെയും തൊഴിലുറപ്പ് പ്രവർത്തകരുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. തോടിനെ പല ഭാഗങ്ങളായി തിരിച്ച് എല്ലായിടത്തും ഒരേ സമയം പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഉച്ചവരെ ഏകദേശം നൂറോളം ആളുകളുടെ നേതൃത്വത്തിൽ 4 കിലോമീറ്റർ ശുചികരണ പ്രവർത്തനങ്ങൾ നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടാതെ ജലസേചന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെയും എ.ജി.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീ എന്നിവയുടെ സംയുക്താഭി മുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്.

## ഭാവി പ്രവർത്തനങ്ങൾ

കോഴിത്തോട് ഒഴുകുന്ന 4 പഞ്ചായത്തുകളും പൂർണ്ണമായും തരിശുരഹിതമാക്കുക എന്നതാണ് കോഴിത്തോട് പുനരുജ്ജീവനം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം മുൻനിർത്തി കൊണ്ടു നവീകരണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി തിരിച്ച 2019 മാർച്ച് 31 ന് മുമ്പായി പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. തോടിന്റെ ചക്കിട്ടമുക്ക് മുതൽ നാൽക്കാലിപാലം വരെയുള്ള ഭാഗത്തെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇറിഗേഷൻ വകുപ്പിന്റെ ഒരു പദ്ധതി നിലവിലുണ്ട്. ഇതിനോടൊപ്പം നാരങ്ങാനം, ഇലന്തൂർ, മുല്ലപ്പുഴശ്ശേരി പഞ്ചായത്തുകളിൽ ത്രിതല പഞ്ചായത്തുകളുടെയും തൊഴിലു

റപ്പിന്റെയും പദ്ധതികളിൽപ്പെടുത്തി പ്രവൃത്തികൾ പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. മല്ലപ്പുഴശ്ശേരി, ആറന്മുള എന്നീ പഞ്ചായത്തുകളിൽ 1000 ഏക്കർ നെൽകൃഷി സാധ്യമാക്കും. മടവീഴ്ച തടയുന്നതിനായി തോടിന്റെ വശങ്ങളിൽ മുള, രാമച്ചം തുടങ്ങിയവ വെച്ചുപിടിപ്പിക്കുന്നതിനും പരമാവധി പ്രകൃതി സൗഹൃദ സംരക്ഷണരീതികൾ, അവലംബിക്കുന്നതിനും തീരുമാനമായി. വരട്ടാർ മാതൃകയിലുള്ള ക്യാമ്പയിൻ മോഡ് പ്രവർത്തനമാണ് ഇവിടെയും സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

## ആലപ്പുഴ

### 1. എ.എസ് കനാൽ–പ്ലാക്കുഴിതോട്

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷൻ രണ്ടാം വാർഷികം ജലസംരക്ഷണ പ്രവർത്തനങ്ങൾ എസ് കനാൽ-പ്ലാക്കുഴി തോട് വെട്ടി വശങ്ങളിൽ തീറ്റപ്പുൽ വച്ച് പിടിപ്പിച്ചുകൊണ്ടാണ് തുടക്കം കുറിച്ചത്. പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലീലാമ്മ ആന്റണി നിർവ്വഹിച്ചു. പ്രവർത്തനത്തിൽ ഭരണസമിതി അംഗങ്ങൾ ജീവനക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

### 2. കരിപ്പയിൽ ചാൽ

ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ചതിന്റെ രണ്ടാം വാർഷികദിനമായ ഡിസംബർ 8 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ജില്ലാ തല പരിപാടികളുടെ തുടക്കം കുറിച്ചുകൊണ്ട് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്,



കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ ചേർത്തല തെക്കിലെ കരിപ്പയിൽ ചാൽ ശുചീകരിച്ചുകൊണ്ട് ആരംഭിച്ചു. 11 കി.മീ നീളമുള്ള കരിപ്പയിൽച്ചാൽ തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതം 55.5 ലക്ഷം, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിച്ച് പൊതുജന പങ്കാളിത്തത്തോടെയാണ് പുനരുജ്ജീവിപ്പിക്കുന്നത്. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രഭാ മധു, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വി.എ.സേതുലക്ഷ്മി, വിവിധ ജനപ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി ആരംഭിച്ചു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 ലക്ഷം തൊഴിൽ ദിനം ലഭ്യമാകുന്ന തരത്തിൽ 519 ജലസംരക്ഷണ പ്രവൃത്തികളാണ് ജില്ലയിൽ ആരംഭിച്ചിട്ടുള്ളത്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ തന്നെ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

## 3. കാപ്പിത്തോട്

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 11-ാം വാർഡിലെ കാപ്പിത്തോട് ആഴംകൂട്ടി മോടി പിടിപ്പിക്കൽ എന്ന പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കി. ടി പ്രവൃത്തിയിൽ വർഷങ്ങളോളം മാലിന്യ കൂമ്പാരമായി കിടന്നിരുന്ന കാപ്പിത്തോട് പുനരുദ്ധരിപ്പിക്കുകയും ആഴം കൂട്ടി മാടി പിടിപ്പിക്കുകയും നീരൊഴുക്ക് വർദ്ധിപ്പിക്കുകയും ചെയ്തു. നീർച്ചാലിലേയ്ക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പരിസരവാസികൾക്ക് ബോധവൽക്കരണം നടത്തി. ഏകദേശം 2100 മീറ്ററോളം നീളം വരുന്ന കാപ്പിത്തോടിന്റെ 450 മീറ്റർ ടി പ്രവൃത്തിയിലൂടെ ആഴം കൂട്ടി മോടി പിടിപ്പിക്കുവാൻ കഴിഞ്ഞു. 985 തൊഴിൽദിനങ്ങൾ ടി പ്രവൃത്തിയിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## 4. സാർക്ക് തോട്

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ 400 മീറ്റർ നീളമുള്ള സാർക്ക് തോട് പൂർണ്ണമായും ശുചീകരിക്കുന്ന പ്രവർത്തനമാണ് നടത്തിയത്. ഇതിനായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പഞ്ചായത്ത്തല ആലോചനായോഗം ചേർന്നു. തുടർന്ന് സാനിട്ടേഷൻ ചുമതലയുള്ള ഉദ്യോഗസ്ഥർ, ആരോഗ്യവിഭാഗം ജീവനക്കാർ, ആശാപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഹരിതകർമ്മസേന പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീപ്രവർത്തകർ, പ്രദേശവാസികൾ എന്നിവരുടെ പങ്കാളിത്തത്തിൽ തോട് ശുചീകരണ പ്രവർത്തനം നടത്തി. അതോടൊപ്പം തോടുകളും പുഴകളും ഉൾപ്പെടെയുള്ള പൊതുജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ജലജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിനെക്കുറിച്ചുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 'ശുചിത്വത്തിലൂടെ ആരോഗ്യം' എന്ന ആശയം ഓരോ വ്യക്തിയും പ്രാവർത്തികമാക്കുന്നതിലൂടെ സുന്ദരമായ ഒരു ഗ്രാമസൃഷ്ടിയ്ക്കായി കൂട്ടായി പ്രയത്നിക്കുന്നതിന് തീരുമാനിച്ചു.

### 5. മുട്ടാർ ഗ്രാമപഞ്ചായത്ത്

മുട്ടാർ ഗ്രാമപഞ്ചായത്തിൽ ശുചീകരണത്തിനായി പള്ളിപ്പാലം തോട്, ശ്മശാനം തോട്, പുറത്തേ ഇരുപത് തോട്, വള്ളപ്പുരതോട് എന്നിവ തെരഞ്ഞെടുത്തു. തോടുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത്തലത്തിൽ ജനപ്രതിനിധികളുടെ യോഗം പ്രസിഡന്റ്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് യോഗത്തിൽ തീരുമാനമെടുത്തു. തോടുകളുടെ ശുചീകരണ ഉദ്ഘാടനം ബഹു.പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. നീരൊഴുക്കിന് തടസ്സമായി തോടുകളുടെ ഇരുവശവും തോടിനുള്ളിലും തിങ്ങി വളർന്നു നിന്നിരുന്ന ചെടികൾ വെട്ടിമാറ്റി നീരൊഴുക്ക് സുഗമമാക്കി കഴിയുന്നത്ര ചെറിയ തോടുകൾ ആഴം കൂട്ടി വൃത്തിയാക്കിയതുമൂലം ഒഴുക്കു വർദ്ധിപ്പിച്ച് തോട് ശുചിയായി നിലനിർത്തി. 2.2 കി.മീ ആകെ ശുചീകരിച്ചത്. അതോടൊപ്പം തോടുകൾ വൃത്തിയാക്കി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സമീപവാസികൾക്ക് ബോധവൽക്കരണം നടത്തി.

## കോട്ടയം

### കുന്നുകുഴിച്ചിറത്തോട്

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി 2018 ഡിസംബർ 8 ന് കോട്ടയം മുനിസിപ്പാലിറ്റിയിലെ കുന്നുകുഴിച്ചിറത്തോടിലെ മാലിന്യം നീക്കം ചെയ്തു നവീകരിച്ചു. ഈ തോടിനു 532 മീറ്റർ നീളവും 2.50 മീറ്ററോളം വീതിയുമുണ്ട്. തോടിന്റെ സംരക്ഷണം അനിവാര്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഈ തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. നവംബർ 21 ന് ജില്ലാ കളക്ടറും, ജില്ലാ പ്ലാനിംഗ് ഓഫീസറുമായും യോഗം ചേർന്നു. നവംബർ 22 ന് നവീകരണ പ്രവർത്തനങ്ങ



ളുടെ രൂപരേഖ തയ്യാറാക്കുന്നതിന് യോഗം കൂടി. നവംബർ, ഡിസംബർ മാസങ്ങളിലായി നാല് യോഗങ്ങൾ കൂടെ ചേരുകയുണ്ടായി. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നോട്ടീസ്, പ്രദേശവാസികൾക്ക് നൽകി. വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ സമീപവാസികൾക്കും റസിഡൻസ് അസോസിയേഷനും അറിയിപ്പ് നൽകി. ഹരിതകേരളം മിഷന്റെ 'ജലമാണ് ജീവൻ' പുസ്തകം വിതരണം ചെയ്യുകയും പരിപാടി നടക്കുന്ന പ്രദേശത്തു 'എന്റെ നാട് എന്റെ നദി' പോസ്റ്റർ പ്രദർശിപ്പിക്കുകയും ചെയ്തു. കോട്ടയം നഗരസഭ അദ്ധ്യക്ഷ ഡോ. പി.ആർ. സോന നവീകരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. നിരവധി വിശിഷ്ട വ്യക്തികൾ പങ്കെടുത്തു. നഗരസഭ അദ്ധ്യക്ഷ ഫ്ളാഗ് ഓഫ് ചെയ്തുകൊണ്ട് തോട് വൃത്തിയാക്കൽ ആരംഭിച്ചു. NSS വിദ്യാർത്ഥിനികളും, പ്രദേശവാസികളും പങ്കെടുത്തു. മണ്ണുമാന്തി യന്ത്രത്തിന്റെ കൂടി സഹായത്തോടെ 532 മീറ്റർ ശുചികരണം നടത്തി. ജലസേചന വകുപ്പ്, നഗരസഭ, കൃഷി വകുപ്പ്, ശുചിത്വമിഷൻ, ജില്ലാ ആസൂത്രണ ബോർഡ്, പൊല്യുഷൻ കൺട്രോൾ ബോർഡ്, ജില്ലാ പഞ്ചായത്ത്, ഹരിത കേരളം മിഷൻ, ഹരിതകർമ്മസേന, തുടങ്ങിയ സർക്കാർ വകുപ്പുകളും മൗണ്ട് കാർമൽ സ്കൂൾ NSS യൂണിറ്റ്, മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർ സംയോജന സമിതി, റസിഡൻസ് അസോസിയേഷൻ തുടങ്ങിയ ഏജൻസികളും പങ്കെടുത്തു. റസിഡൻസ് അസോസിയേഷന്റെ കൂട്ടായ്മ തോടിന്റെ ഭാവി സംരക്ഷണം ഉറപ്പാക്കുമെന്ന് സമ്മതിക്കുകയും, തോടിന്റെ പരിസരത്തു തോടിന്റെ പേരും, 'മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണ്' എന്ന ബോർഡ് സ്ഥാപി ക്കുന്നതിനും, തോടിനു ഗ്രില്ല് പണിയാനുമുള്ള ചുമതല ഏറ്റെടുത്തു. ജനുവരിയോടെ പ്രവർത്തനങ്ങൾ ആരംഭിക്കും. മുപ്പായിക്കാട് ശുചികരണ പ്രവർത്തനങ്ങൾക്കു ശേഷം കഴിയുന്ന രീതിയിൽ ഈ പ്രദേശത്തെ പാടശേഖരങ്ങളിൽ നെൽക്കൃഷി ആരംഭിക്കും.

## ഇടുക്കി

### മരിയാപുരം

ഇടുക്കി ജില്ലയിൽ ഹരിതകേരളം രണ്ടാം വാർഷികത്തോടനുബന്ധിച്ച് പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റവും ശ്രദ്ധേയമായ മൂന്ന് പരിപാടികളാണ് എട്ടാംതീയതി സംഘടിപ്പിച്ചത്. ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിലെ പെരിയാറിൽ പുഴ നടത്തം സംഘടിപ്പിച്ചു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ പങ്കെടുത്ത യോഗം, CDS അംഗങ്ങൾ പങ്കെടുത്ത യോഗം, വിവിധ വകുപ്പുദ്യോഗസ്ഥരുടെ യോഗം. പിന്നീട് 3 വിഭാഗങ്ങളെയും ഉൾപ്പെടുത്തിയുള്ള വിപുലമായ യോഗം എന്നിങ്ങനെയാണ് സംഘാടനം നടത്തിയത്. ജനങ്ങളിലേക്ക് നേരിട്ട് ഇറങ്ങിച്ചെന്ന് പുഴയുടെ പ്രാധാന്യവും പാരിസ്ഥിതിക മുൻഗണനയും പ്രദേശവാസികളെ ബോധ്യപ്പെടുത്താൻ പുഴ നടത്തത്തിലൂടെ സാധിച്ചു. അംഗണവാടി പ്രവർത്തകരും കുടുംബശ്രീ പ്രവർത്തകരുമെല്ലാം ഈ പുഴ സംരക്ഷണ പരിപാടിയുടെ പ്രചാരകരായി മാറുകയായിരുന്നു. മുരുകൻ കാട്ടാക്കടയുടെ കവിതയുൾപ്പെടുത്തി നടത്തിയ മൈക്ക് അനൗൺസ്മെന്റും സവിശേഷമായിരുന്നു. തുടർച്ചയായ പത്രവാർത്തകളും പുഴ നടത്തത്തെ കൂടുതൽ ജനങ്ങളിലെത്തിച്ചു.



ഉദ്ഘാടനം നിർവ്വഹിച്ചത് അഡ്വ. ജോയ്സ് ജോർജ് എംപിയായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ, പൗലോസ്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. ടി. എൻ. സീമ, മരിയാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡോളി ജോസ് മുതലായവർ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി പുഴയോരത്ത് വൃക്ഷത്തൈകളും നട്ടു. 1500 ഓളം പേർ  പരിപാടിയിൽ പങ്കെടുത്ത് 3 കിലോമീറ്ററോളം ദൂരം പുഴയ്ക്കൊപ്പം നടന്നു. മരിയാപുരം പഞ്ചായത്തിന്റെ 'ഹരിതപുരം പദ്ധതി'ക്ക് പിന്തുണ നൽകുന്നതിനും വേണ്ടിയാണ് ജനകീയ പുഴനടത്തം സംഘടിപ്പിച്ചത്. തുടർന്ന് സംഘാടക സമിതിയുടെയും ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും ഹരിതകേരളം മിഷൻ പ്രതിനിധികളുടെയും യോഗം ചേർന്ന് ഭാവി പരിപാടികൾക്ക് രൂപം നൽകി.

## തൊടുപുഴ-കുട്ടിത്തോട്

തൊടുപുഴ നഗരസഭയിലെ കോലാനി 29-ാം വാർഡിന്റെ ഹരിതവാർഡ് രൂപീകരണ പ്രഖ്യാപനവും ഹരിതകേരളത്തിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തി.



പാറക്കടവ് ജംഗ്ഷനിലെ കുട്ടിത്തോട് വൃത്തിയാക്കിയാണ് ഹരിതവാർഡ് രൂപീകരണത്തിന് തുടക്കമിട്ടത്. ശുചിത്വം, മാലിന്യ പരിപാലനം, ജലസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, സുരക്ഷിത ഭക്ഷ്യ ഉത്പാദനം തുടങ്ങിയവയിൽ സ്വയം പര്യാപ്തരാകുക, എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. വാർഡിലെ 10 ഹെക്ടറോളം വരുന്ന പാടശേഖരത്തിൽ കൃഷിയിറക്കാനും തീരുമാനിച്ചിട്ടുണ്ട്. പി.ജെ ജോസഫ് MLA, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ.ടി.എൻ സീമ എന്നിവർ ചേർന്നാണ് ഹരിതവാർഡ് രൂപവത്ക്കരണ പ്രഖ്യാപനം നടത്തിയത് വാർഡ് കൗൺസിലർ ആർ. ഹരി അധ്യക്ഷനായി.

## അടിമാലി ദേവിയാർ

ഹരിതകേരളം രണ്ടാം വാർഷികത്തിന്റെ ഭാഗമായി അടിമാലി പഞ്ചായത്തിൽ ദേവിയാർ പുഴയുടെ വീണ്ടെടുക്കൽ പരിപാടി നടന്നു. ക്ലീൻ ദേവിയാർ ക്ലീൻ അടിമാലി പദ്ധതിയുടെ ഭാഗമായി പുഴ ശുചീകരിക്കാൻ നൂറ് കണക്കിന് സന്നദ്ധ പ്രവർത്തകരാണ് രംഗത്തു വന്നത്. 18 കിലോ മീറ്ററോളം വരുന്ന ഭാഗം ശുചീകരിക്കുകയാണ് ലക്ഷ്യം. 3 മാസം കൊണ്ട് പുഴയെ സമ്പൂർണമായി മാലിന്യ വിമുക്തമാക്കി വീണ്ടെടുക്കുകയാണ് ലക്ഷ്യം. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾ, ഹരിതസേന, സ്വയംസഹായ സംഘങ്ങൾ, പൊതു പ്രവർത്തകർ, പ്രദേശവാസികൾ എന്നിവർ അടക്കം 2500 ഓളം ആളുകളാണ് പങ്കെടുത്തത്. ശീചീകരണ യജ്ഞം പഞ്ചായത്ത് പ്രസിഡന്റ് ശ്രീജ ജോർജ് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കെ.എൻ സഹജൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രവീൺ എന്നിവർ സംസാരിച്ചു.

# എറണാകുളം

## പുഞ്ചക്കുഴിത്തോട്

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ മുളക്കുഴ, വേങ്ങൂർ പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന പുഞ്ചക്കുഴിത്തോട് ശുചീകരണം നടത്തി. ബഹു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി.വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞിമോൾ തങ്കപ്പൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം.പി പ്രകാശ്, ഗ്രാമപഞ്ചായത്ത് അംഗം സിന്ധു അരവിന്ദ് എന്നിവർ പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ, സ്ഥലംവിട്ടു നൽകേണ്ടവരുടെ വീടുകളിൽ സ്ക്വാഡ് പ്രവർത്തനം, നോട്ടീസ് വിതരണം എന്നിവ സംഘടിപ്പിച്ചു. പെരിയാറിൽ അവസാനിക്കുന്ന ഈ തോട് അറ്റകുറ്റപ്പണികളുടെ അഭാവവും മൂലവും മാലിന്യ നിക്ഷേപം മൂലവും ചെളിയും കാടും നിറഞ്ഞ് നാശോന്മുഖമായ അവസ്ഥയിലായിരുന്നു. കൂടാതെ തോടിന്റെ ഇരുകരകളിലും മണ്ണിടിച്ചിലും കയ്യേറ്റവുംമൂലം 8 മീറ്റർ വീതിയുണ്ടായിരുന്ന തോട്, പലയിടങ്ങളിലും 4 മീറ്ററായി കുറഞ്ഞിരിക്കുന്നു. ഇതോടെ വെള്ളപൊക്കം മൂലം സമീപത്തെ നൂറേക്കറോളം വരുന്ന പാടശേഖരത്തിലെ കൃഷി നാശം പതിവായി. ഇതുകൊണ്ട് കർഷകർ കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടായി.

പ്രസ്തുത സാഹചര്യത്തിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി തോടിന്റെ 750 മീറ്ററോളം വരുന്ന ഭാഗത്തിന്റെ നവീകരണം ജനപങ്കാളിത്തത്തോടെ നടന്നു. പാടശേഖരസമിതിയുടെ സഹായത്തോടെ ഇരുവശത്തുമുള്ള കർഷകരെ പറഞ്ഞു ബോധ്യപ്പെടുത്തി തോടിന്റെ വീതി 8 മീറ്ററാക്കി വർദ്ധിപ്പിച്ച്, മാലിന്യങ്ങൾ, ചെളി എന്നിവ നീക്കം ചെയ്ത് ആഴം കൂട്ടാൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. 3 കി.മീറ്ററോളം പുഴ നടത്തം ഉണ്ടായിരുന്നു. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കോടനാട് പാടശേഖര സമിതി എന്നിവരുടെ സഹകരണത്തോടെയാണ് പ്രവർത്തനം സംഘടിപ്പിച്ചത്. 300 ഓളം പേർ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. ഭാവി പ്രവർത്തനം എന്ന നിലയിൽ 4 കി.മീറ്ററോളം നീളം വരുന്ന പുഞ്ചകുഴിതോടിന്റെ പെരിയാർ വരെയുള്ള ഭാഗം വീതി കൂട്ടി ആഴം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇത് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ തുടർവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും മൈനർ ഇറിഗേഷൻ,ഹരിത കേരളം പദ്ധതിയിലും ഉൾപ്പെടുത്തുന്നതിനും ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

## ചെറുവേലിക്കുന്ന് തുറ

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി പെരിയാറിന്റെ കൈവഴിയായ തോടിന്റെ ഭാഗമായ എറണാകുളം ജില്ലയിലെ വാഴക്കുളം പഞ്ചായത്തിലെ ചെറുവേലിക്കുന്ന് തുറ ശുചീകരണം നടത്താൻ തീരുമാനിച്ചു. ജില്ലാ കളക്ടർ, വാഴക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് അംഗങ്ങൾ, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ നാശോന്മുഖമായ തോട് സന്ദർശിച്ച്, ഹരിത കേരളം ജില്ലാ മിഷൻ വഴി പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി ബി.പി.സി.എൽ കൊച്ചി റിഫൈനറിയിൽ നിന്നും 4 ലക്ഷം രൂപ സി.എസ്.ആർ. ഫണ്ട് ലഭ്യമാക്കി. ഇതിനായി മൂന്ന് യോഗങ്ങൾ ചേർന്നു. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ 12-ാം വാർഡിൽ ശുചീകരണ യജ്ഞം സംബന്ധിച്ച് പ്രചരണം നടത്തി. 2 കി.മി. പുഴ നടത്തവും 1 കി.മി. നവീകരണവും നടത്തും. മൈനർ ഇറിഗേഷൻ, എൽ.എസ്. ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം, ബി.പി.സി. എൽ കൊച്ചി റിഫൈനറി എന്നിവരുടെ സഹകരണവും പങ്കാളിത്തവും ലഭിക്കും. ഭാവി പ്രവർത്തനങ്ങൾ എന്ന നിലയിൽ ചെറുവേലിക്കുന്ന് തുറയിലെ നിലവിലുള്ള ചെക്ക് ഡാമിന്റെ ഒരു ഭാഗത്തെ ചെളിയും പായലും മാലിന്യങ്ങളും നീക്കം ചെയ്യാൻ തീരുമാനിച്ചു. ചെളി നീക്കം ചെയ്തു 1 മീറ്ററോളം ആഴം കുട്ടി വൃത്തിയാക്കും. തുടർന്ന് തോട് പെരിയാറിൽ പതിക്കുന്നത് വരെയുള്ള ഭാഗം വെങ്ങോല പഞ്ചായത്തിന്റെ കുടി സഹകരണത്തോടെ ശുചീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പുഴയിലേക്ക് മാലിന്യക്കുഴലുകൾ തുറന്നുവച്ചിരിക്കുന്ന പ്ലൈവുഡ് ഫാക്ടറികളുടെ മേൽ നിയമ നടപടികൾ സ്വീകരിക്കുന്നതിന് വാഴക്കുളം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപടികൾ പുരോഗമിക്കുന്നു. ജനുവരി 4 മുതൽ രണ്ടാഴ്ച്ചക്കാലത്തിനുള്ളിൽ പ്രവൃത്തനങ്ങൾ പൂർത്തീകരിക്കാനാണ് തീരുമാനം.

## തൃശ്ശൂർ

### പെരിങ്ങാട് പുഴ

പാവറട്ടി പഞ്ചായത്തിൽ ഉൾപ്പെടെ പെരിങ്ങാട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഡിസംബർ 8 ന് ആരംഭിച്ചു. ജില്ലാതല പ്രവർത്തനോൽഘാടനം ബഹു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവ്വഹിച്ചു. മുമ്പ് ഇവിടെ ബണ്ട് കെട്ടി ചെമ്മീൻ കൃഷി നടത്തിയിരുന്നു. മത്സ്യബന്ധനവും നടത്തിയിരുന്നു. ഇവ തിരികെ കൊണ്ടുവരേണ്ടതുണ്ട്. എം.എൽ.എ ശ്രീ. മുരളി പെരുനെല്ലിയുടെ സാന്നിദ്ധ്യത്തിൽ എല്ലാ പഞ്ചായത്തുകളുടെയും ജനപ്രതിനിധികളുടെയും മറ്റു ജീവനക്കാരുമായും വിപുലമായ യോഗം വിളിച്ച് തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകും.

### കനോലി കനാൽ

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചു തൃശൂർ ജില്ലയിലെ എടത്തുരുത്തി - കനോലി കനാൽ സംരക്ഷണ പ്രവർത്തനങ്ങൾ 2018 ഡിസംബർ 8-ാം തീയതി രാവിലെ 9 മണിക്ക് ബഹു. എം.എൽ.എ. ഇ.ടി. ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പ്രവർത്തനത്തിൽ എടത്തുരുത്തി പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ബൈന പ്രദീപ് അധ്യക്ഷത വഹിച്ചു. കനോലി കനാലിന്റെ ശുചീകരണ പ്രവർത്തനങ്ങൾ അതത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഇരുന്നൂറോളം പേർ വരുന്ന തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ നടത്തി. കടലിൽ നിന്നും ഉപ്പുവെള്ളം കനോലികനാലിലേക്ക് കയറാതിരിക്കാൻ വേണ്ടിയുള്ള സ്ലൂയിസുകളുടെ നിർമ്മാണവും, ഇരുപതോളം കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും മൈനർ ഇറിഗേഷൻ 2018 -19 പദ്ധതിയിൽ



ഉൾപ്പെടുത്തിയിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ തന്നെ ഏകദേശം പുഴയുടെ ഒരു കിലോമീറ്ററോളം വൃത്തി യാക്കാൻ സാധിച്ചു.

## പാലക്കാട്

### മംഗലംപുഴ

ഹരിതകേരളം മിഷൻ രണ്ടാംവാർഷികത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വടക്കാ ഞ്ചേരി ഗ്രാമപഞ്ചായത്തിലെ മംഗലം പുഴയോരം ശുചീകരണം നടത്തി. ശുചീകരണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ഹരിതകേരളം മിഷൻ ജില്ല ചെയർപേഴ്സണും, ജില്ല പഞ്ചായത്ത് പ്രസിഡന്റുമായ അഡ്വ.കെ.ശാന്തകുമാരി നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അനിത പോൾസൺ അധ്യക്ഷത വഹിച്ചു. മാലിന്യം കുന്നുകൂടിയി ട്ടുള്ള മംഗലം പുഴയോരത്ത് 8 ഏക്കർ സ്ഥലം പൂർണ്ണമായും ശുചീകരിച്ചു. 8 മുതൽ 10 മീറ്റർ വരെ പുഴതീരം വൃത്തിയാക്കി ഒരു നിരയായി മുളകളും ശേഷിക്കുന്ന ഭാഗങ്ങളിൽ പുഴയോരവൃക്ഷങ്ങളും വച്ചുപിടിപ്പിച്ചു. എല്ലാ വർഷവും ശബരിമല തീർത്ഥാടകരുടെ ക്യാമ്പ് കേന്ദ്രമായതിനാൽ ഏറെ മലിനമാണ് ഈ പ്രദേശം. ഹരിതകേരളം റിസോഴ്സ് പേഴ്സൺ ടീം ഫലപ്രദമായി ഇടപെട്ട് ഇവിടുത്തെ കച്ചവടക്കാരോടും മറ്റു താമസക്കാ



രോടും ഈ പ്രദേശം ശുചിയാക്കി വെയ്ക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തി കൊണ്ടുള്ള ക്യാമ്പയിൻ നടന്നു വരുന്നു. പുഴയോരത്തെ കയ്യേറിയ 8 ഏക്കർ സ്ഥലം തിരിച്ചു പിടിക്കാൻ കഴിഞ്ഞു. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഏറെ അഭിമാനം നൽകിയ പ്രവർത്തനമായിരുന്നു ഇത്. പഞ്ചായത്തിനകത്ത് വരുന്ന പുഴയുടെ 8 മീറ്റർ തീരം ഭരണ സമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് അംഗം, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ വലിയ ജനപങ്കാളി ത്തത്തോടെ ശുചീകരിച്ചു.

മംഗലംപുഴ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ആലത്തൂർ പഞ്ചായത്തിലെ കാവത്തു കുളം മുതൽ കുട്ടംമുച്ചി വരെ ഏതാണ്ട് 11 ഏക്കർ വിസ്തീർണ്ണത്തിൽ പുഴയുടെ തീരം വൃത്തിയാക്കി. ഇവിടെ വൃക്ഷവൽക്കരണം നടത്തി വരുന്നു. ഗ്രാമപഞ്ചായത്ത് പ്രസി ഡന്റ് പി.വി ഗംഗാധരൻ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരായ എ മോഹനൻ, ഡോ.കെ.വാസുദേവൻ പിള്ള എന്നിവർ പങ്കെടുത്തു. കഴിഞ്ഞ പ്രളയകാലത്ത് ഒഴുക്കിൽ വലിയമാറ്റം ഉണ്ടായ പുഴതീരമായതിന ാൽ വീണ്ടെടുക്കൽ പ്രവർത്തനത്തിന് റവന്യൂ വകുപ്പിന്റെ പിന്തുണ കൂടി ഉറപ്പുവരുത്തി കൊണ്ടാണ് ഗ്രാമപഞ്ചായത്ത് ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടത്. ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ ഉൾപ്പെടെ 106 പ്രവർത്തകർ ശുചീകരണത്തിലും വൃക്ഷവൽക്ക രണത്തിലും പങ്കെടുത്തു.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കൊളയക്കാട് പ്രദേശത്താണ് മംഗലംപുഴയുടെ തീര സംരക്ഷണ പ്രവർത്തനങ്ങൾ നടന്നത്. പരിപാടിയുടെ ഉദ്ഘാടനം കണ്ണമ്പ്ര ഗ്രാമപ ഞ്ചായത്ത് പ്രസിഡന്റ് റജിമോൻ നിർവ്വഹിച്ചു. ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് അംഗങ്ങളും സന്നദ്ധ പ്രവർത്തകരും തൊഴിലുറപ്പ് പദ്ധതി അംഗങ്ങളും ഉദ്യോഗസ്ഥരും ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും പങ്കെടുത്തു. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ ഉൾപ്പെടെ 89 പേർ പുഴ തീര സംരക്ഷണ പ്രവർത്തനത്തിൽ പങ്കെടുത്തു. ഏതാണ്ട് 5.5 ഏക്കർ സ്ഥലം പുഴയുടേതായി കണ്ടെത്താനും സംരക്ഷിക്കാനും കഴിഞ്ഞു. മംഗലംപുഴയുടെ ഈ തീരത്തിന്റെ സവിശേഷതകൾക്ക് അനുസൃതമായ മുളയിനങ്ങളും വൃക്ഷങ്ങളും കണ്ടെത്തിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. 20 ഏക്കർ സ്ഥല മെങ്കിലും ശുചീകരണം നടത്തി വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വീണ്ടെടുക്കാനായി തീരുമാ നിച്ചു. അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

## ഗായത്രീ നദീതടം

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമ പഞ്ചായത്ത് കണ്ണോട് പ്രദേശത്തുള്ള അഞ്ചാം വാർഡിലെ ഗായത്രീ നദീതടത്തിലുള്ള ഒന്നും രണ്ടും നിര നീർച്ചാൽ പുനരുജ്ജീവനം നടത്തി വീണ്ടെടുക്കുന്നതിന് വിപുലമായ പരിപാടികൾ നടന്നു. ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ.കൃഷ്ണൻകുട്ടിയാണ് വീണ്ടെടുക്കൽ പ്രവർത്തനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ബഹു. നെന്മാറ എം.എൽ.എ ശ്രീ. കെ ബാബു അധ്യക്ഷനായിരുന്നു. മണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും, കൊല്ലങ്കോട്, നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെടെ 560 പേർ പങ്കെടുത്തു. നദീ തീരത്തിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന പച്ചത്തുരുത്തായി

മുഴുവൻ പ്രദേശത്തെ മാറ്റുക എന്നതാണ് ലക്ഷ്യം. 20 ഹെക്ടർ ഭൂമി ജനകീയ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ തിരിച്ചുപിടിച്ചാണ് ഈ പച്ചത്തുരുത്ത് രൂപം കൊള്ളുന്നത്. ഹരിതകേരളം മിഷൻ തയ്യാറാക്കുന്ന നീർത്തട പ്ലാനുകളോടൊപ്പം അതാതു നീർത്തടങ്ങളിലെ ജലവിഭവ ബഡ്ജറ്റ് കൂടി തയ്യാറാക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി നിർദ്ദേശിച്ചു. ഹരിതകേരളം മിഷനോടൊപ്പം നിന്ന് കാർഷിക ജലവിഭവ മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കണമെന്ന് യോഗത്തിൽ സംബന്ധിച്ച ത്രിതല പഞ്ചായത്തുകളോട് മന്ത്രി അഭ്യർത്ഥിച്ചു. തുടർന്ന് നടന്ന ഇക്കോ ഡവലപ്മെന്റ് ക്യാമ്പ് ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗീത ടീച്ചർ നിർവ്വഹിച്ചു.

അടുത്ത മൂന്ന് വർഷം കൊണ്ട് കോരളത്തിനകത്ത് നടക്കുന്ന അതിപ്രധാനമായ വൃക്ഷവൽക്കരണ പരിപാടിയായി ഇതിനെ മാറ്റാനാണ് നാട്ടുകാരുടെ ശ്രമം. ഇതിന്റെ ഭാഗമായി എല്ലാ ആഴ്ചകളിലും ഇക്കോ ഡെവലപ്മെന്റ് ക്യാമ്പുകൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്. ഇതുവരെയായി 5 ക്യാമ്പുകൾ പൂർത്തീകരിച്ചു. 270 എൻ.സി.സി, എൻ.എസ്.എസ് വിദ്യാർത്ഥികൾ ഇതിനകം തന്നെ ഈ ക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ട്. ശേഷിക്കുന്ന നാല് സ്ഥലങ്ങളിൽ കൂടി പുഴ തീരം വീണ്ടെടുക്കൽ രീതിയിൽ കണ്ടെത്തിയിട്ടുണ്ട്. അതിനായി വിപുലമായ ആസൂത്രണം വേണ്ടിവരും. അതിനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ. മംഗലം പുഴ വീണ്ടെടുപ്പിന്റെ ഭാഗമായി 20 പ്രധാന ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഒരു കോടി രൂപയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് നിർവ്വഹിക്കും.

## മലപ്പുറം

### വേരിങ്ങാവ് മണക്കടവ് തോട്

2018 നവംബർ 26 ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി കുടുംബശ്രീ തൊഴിലുറപ്പു പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവയുടെ യോഗങ്ങൾ ചേർന്നു. ബാനർ



പ്രചാരണം ഉണ്ടായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വിമല പാറക്കണ്ടതിൽ രാവിലെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് നടന്ന ബോധവൽക്കരണ പരിപാടിയിൽ 112 പേർ പങ്കെടുത്തു. 3.5 കിലോമീറ്റർ പുഴനടത്തം സംഘടിപ്പിച്ചു. 1 കിലോമീറ്റർ ശുചീ കരണം നടത്തി. കൃഷി വകുപ്പിന്റെ പങ്കാളിത്തം ഉണ്ടായിരുന്നു. കൂടാതെ കുടുംബശ്രീ, ദേശിയ തൊഴിലുറപ്പു പരിപാടി കളുടെ പങ്കാളിത്തവും ഉണ്ടായിരുന്നു. ആകെ 110 പേർ പങ്കെടുത്തു.

## മുണ്ടപ്പാടം -വൈപ്പിനി നീർത്തടം

വിവര ശേഖരണത്തിനായി സർവ്വേ നടത്തി. അതിനായി ഒരു വാർഡിൽനിന്നും 5 വീതം രണ്ടു വാർഡിൽ നിന്നും 10 സ്ക്വാഡുകൾ രൂപീകരിച്ചു പ്രവർത്തനം നടത്തി. തുടർന്ന് ഗ്രാമസഭ യോഗം, സ്വാഗതസംഘം രൂപീകരണം എന്നിവ നടത്തി. പ്രചാരണത്തിന ായി കുടുംബശ്രീ പ്രവർത്തകർ സ്കൂളുകളിൽ അനൗൺസ്മെൻറ് നടത്തി. ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ കളക്ടർ ശ്രീ. അമിത്മീണ ഐ.എ.എസ് നിർവ ഹിച്ചു. ഉദ്ഘാടന ചടങ്ങിന് ശേഷം ശുചീകരണ പ്രവർത്തനം നടന്നു. 500 മീറ്റർ ശു ചീകരണ പ്രവർത്തനമാണ് നടന്നത്. ദേശിയ തൊഴിലുറപ്പ്, കുടുംബശ്രീ എന്നിവയിൽ നിന്നുൾപ്പെടെ 310 പേർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു.



## മാടമ്പത്ത് തോട് - പുഴക്കാട്ടിരി പഞ്ചായത്ത്

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ടു മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി പഞ്ചായത്തിൽ ശുചീകരണത്തിനായി ഏറ്റെടുത്തത് മാടമ്പത്ത് തോടാണ്.



ശുചീകരണ പ്രവർത്തനങ്ങളുടെ പദ്ധതി രൂപീകരണത്തിനായി പഞ്ചായത്ത്തല യോഗങ്ങളും, പ്രാദേശിക യോഗങ്ങളും, ഒപ്പം കർഷകരുടെ യോഗങ്ങളും നടത്തി. ബാനറുകൾ, നോട്ടീസ് ബോർഡുകൾ മുതലായവയിലൂടെ പ്രചാരണങ്ങൾ നടത്തി. കടുങ്ങപുരം സ്കൂൾ എസ്.പി.സി. കേഡറ്റുകളും അദ്ധ്യാപകരും പങ്കെടുത്ത ഘോഷയാത്ര പ്രവർത്തന പ്രചാരണങ്ങൾക്ക് മിഴിവേകി. പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. എം.എൽ.എ. ശ്രീ. അഹമ്മദ് കബീർ നിർവഹിച്ചു. തദ്ദേശ സ്വയംഭരണ മേധാവികളും ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങുകൾക്കു ശേഷം ഹരിതകർമ്മ സേനാംഗങ്ങളുടെ നാടൻപാട്ടോടു കൂടി ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. തോടിന്റെ കൈവഴികൾ ശുചീകരിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യുകയും ചെയ്തു. കയ്യേറിയ സ്ഥലങ്ങളിൽ സർവ്വേ കല്ല് സ്ഥാപിക്കുകയും തോടിന്റെ കൈവഴികൾ ആഴം കൂട്ടുകയും ചെയ്തു. എൻ.എസ്.എസ് വോളന്റീയർമാർ ശുചീകരണത്തിൽ സജീവമായി പങ്കെടുത്തു. 450മീറ്റർ നീളുന്ന തോടിന്റെ 300 മീറ്റർ ശുചീകരിച്ചു. എഴുന്നൂറോളം ആളുകൾ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കൃഷി വകുപ്പ്, ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ നല്ല പിന്തുണ നൽകി. എൻ.എസ്.എസ്, എസ്.പി.സി, ക്ലബ്ബുകൾ, വ്യാപാരികൾ തുടങ്ങിയവർ പ്രവർത്തനത്തിൽ പങ്കാളികളായി.

## കോഴിക്കോട്

### പെരുവൻമാട് തോട്

ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പെരുവൻമാട് തോട് ശുചീകരണ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ നടത്തി. തോടിന്റെ



ശുചീകരണവും സംരക്ഷണവും നാല് ഘട്ടമായി നടത്തുവാൻ ആണ് ലക്ഷ്യം വച്ചത്. ഒന്നാം ഘട്ടത്തിൽ മാലിന്യങ്ങൾ തോടിലേക്കു എത്താത്ത രീതിയിൽ തടഞ്ഞു നിർത്തുക അതോടൊപ്പം മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച റീസൈക്കിൾ യൂണിറ്റിൽ എത്തിക്കുകയുമാണ്. അടിഞ്ഞു കൂടിയ മാലിന്യം നീക്കം ചെയ്തു ഒഴുക്ക് സുഗമമാക്കുന്നതാണ് രണ്ടാം ഘട്ടം. സംരക്ഷണഭിത്തി നിർമിക്കുന്നതാണ് മൂന്നാം ഘട്ടം. നാലാം ഘട്ടത്തിൽ വീണ്ടെടുത്ത തോടിൽ മത്സ്യം വളർത്തൽ പോലുള്ള പ്രവർത്തങ്ങൾ നടത്തുക.

## മുന്നൊരുക്ക പ്രവർത്തനങ്ങൾ

പെരുവൻമാട് തോട് സന്ദർശിച്ച് തോടിന്റെ നിലവിലെ അവസ്ഥ മനസ്സിലാക്കി. ഇതിന്റെ ഭാഗമായി ഡിസംബർ 1 ന് മുനിസിപ്പാലിറ്റിയിൽ യോഗം ചേർന്നു. പിന്നീട് ഡിസംബർ 3 ന് ആലോചനയോഗങ്ങൾ നടത്തി. ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. തോട് വീണ്ടെടുക്കൽ പ്രവർത്തന ങ്ങൾ തദ്ദേശവാസികളുടെ പൂർണ പങ്കാളിത്തത്തോടെ ഏറ്റെടുക്കുവാൻ തീരുമാനിച്ചു. ഇതിന്റെ പ്രചാരണത്തിനായി നോട്ടീസ്, ബാനർ എന്നിവ തയ്യാറാക്കുകയും 2018 ഡിസംബർ 6, 7 തീയതികളിൽ ഇത് പ്രദേശവാസികൾക്കും ഉദ്യോഗസ്ഥർക്കും മറ്റു ജനപ്രതിനിധികൾക്കും വിതരണം ചെയ്യുകയുമുണ്ടായി. 2018 ഡിസംബർ 7 ന് ഫറോക്ക് ബി.ഇ.എം. സ്കൂളിലെ വിദ്യാർഥികളുമായി ചേർന്ന് പ്രഖ്യാപന റാലി നടത്തി. റാലിയിൽ ഏകദേശം 75 ഓളം പേർ പങ്കെടുത്തു.

തോടിന്റെ ഇരുവശത്തും കെട്ടാനുള്ള നെറ്റിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കി, മാലിന്യം ശേഖരിക്കുന്നതിനുള്ള ചാക്ക്, തോട്ടി, വളകൾ, ചാക്ക് കെട്ടാനുള്ള കയർ, സൂചി തുടങ്ങിയവ ലഭ്യമാക്കി. മാലിന്യം ശേഖരിക്കാനുള്ള ഉപകരണങ്ങൾ ലഭ്യമാക്കി. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ലഘു ഭക്ഷണം, കുടിവെള്ളം എന്നിവ ഉറപ്പാക്കി. മരം മുറിക്കുന്നതിനുള്ള ഉപകരണങ്ങൾ, കയർ, തൂമ്പ, കൊട്ട, തുടങ്ങിയവ

തയ്യാറാക്കി. സി-ഡിറ്റ് മായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്ററി തയ്യാറാകകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു.

## ശുചീകരണ പ്രവർത്തനങ്ങൾ

ഡിസംബർ 8 രാവിലെ 9 മണിക്ക് പെരുവൻമാട് തോട് ശുചീകരണവും വീണ്ടെടുക്കൽ പ്രവർത്തന ഉദ്ഘാടനവും ബഹു. എം.എൽ.എ. ശ്രീ. വി.കെ.സി. മമ്മദ് കോയ നിർവ ഹിച്ചു. ഉദ്ഘാടനത്തിനു ശേഷം ഹരിതകർമ്മസേന അംഗങ്ങൾ, പ്രദേശവാസികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ ചേർന്ന് ശുചീകരണം ആരംഭിച്ചു. അതോടൊപ്പം തന്നെ ഫറോക്ക് സ്കൂളിലെ ഏകദേശം 100 ഓളം എൻ.എസ്.എസ്. വോളന്റീയർമാരും ഈ ദൗത്യത്തിൽ പങ്കാളികളായി.

## വയനാട്

വയനാട് ജില്ലയിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തത് കബനി നദിയും അതിന്റെ കൈവഴികളുമായിരുന്നു. ഇതിന്റെ മുന്നൊരുക്ക പ്രവർത്തന ങ്ങളെന്നോണം, വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ഔപചാരിക യോഗങ്ങൾ നടത്തിയതിനോടൊപ്പം എൻ.എസ്.എസ് വിവിധ രാഷ്ട്രീയ കക്ഷികൾ, ജനപ്രതിനിധി കൾ എന്നിവരുമായി ചേർന്ന് അനൗപചാരിക യോഗങ്ങളും കൂടുകയുണ്ടായി. തുടർന്ന് ജില്ലാ മിഷൻ ടീം കൂടി സാധ്യതാ അവലോകനങ്ങൾ നടത്തുകയും ചെയ്തു. പ്രവർ ത്തന ആസൂത്രണത്തിനായി ഏഴ് ഔപചാരിക യോഗങ്ങൾ നടത്തി. 03.12.2018 ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിലും 13.11.2018 ന് സബ് കളക്ടറുടേയും 24.11.2018 ന് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.ഡി അനിത



യുടേയും ജില്ലാ കളക്ടറുടേയും 05.12.2018 ന് ജില്ലകളക്ടറുടേയും അധ്യക്ഷതയിൽ യോഗം ചേർന്നു. ഇതോടൊപ്പം 24.11.2018 ന് ഹരിതകേരളം മിഷൻ ജില്ലാ ഓഫീസിൽ വച്ചും 21.11.20018 ന് മൈനർ ഇറിഗേഷൻ ചെംബറിലും യോഗങ്ങൾ കൂടി. പ്രവർത്തനങ്ങളുടെ പ്രചാരണം പ്രധാനമായും നോട്ടീസ്, വാട്ട്സ് ആപ്പ് പഞ്ചായത്ത്/നഗരസഭ തല സംഘാടക സമിതി യോഗങ്ങൾ എന്നിവയിലൂടെ സാധ്യമാക്കി. ശുചീകരണത്തിന് മുന്നോടിയായി 5 കി.മീ നീളത്തിൽ പുഴനടത്തം നടത്തി.04.12.2018 ന് വൈത്തിരി പുഴയിൽ മാതൃക പുഴ പഠനം കിലയുടെ സഹകരണത്തോടെ സംഘടിപ്പിച്ചു. നദീപുനരുജ്ജീവന പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം പൊഴുതന ഗ്രാമപഞ്ചായത്തിൽ സി.കെ ശശീന്ദ്രൻ എം.എൽ.എയും മന്ത്രി ശ്രീ.കടന്നപ്പള്ളി രാമചന്ദ്രനും നിർവ്വഹിച്ചു. പഞ്ചായത്ത് നഗരസഭാതലങ്ങളിൽ പ്രസിഡന്റ്, ചെയർപേഴ്സൺ എന്നിവരും ഉദ്ഘാടനം ചെയ്തു. ജില്ലയിലെ 15 പഞ്ചായത്തുകളിലും 3 നഗരസഭകള്ളിലുമായി ബഹുജന പങ്കാളിത്തത്തോടെയാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ, എൻ.എസ്.എസ്. വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രതിനിധികൾ തുടങ്ങിയവർ പങ്കാളികളായി. ആകെ 49.6 കി.മീ നീളത്തിൽ ശുചീകരണം നടത്തി. റവന്യൂ, ഫിഷറീസ്, ആരോഗ്യം, ഗ്രാമവികസന വകുപ്പ്, തദ്ദേശസ്വയം ഭരണം, കുടുംബശ്രീ, ശുചിത്വമിഷൻ, ചെറുകിട ജലസേചനം തുടങ്ങിയ വകുപ്പുകൾ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## കണ്ണൂർ

### കക്കാട് പുഴ

അനധികൃത കയ്യേറ്റങ്ങളും മലിനീകരണവും കാരണം നാശോന്മുഖമായ കക്കാട് പുഴയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ രാവിലെ 8 മണിക്ക് കണ്ണൂർ കോർപ്പറേഷൻ മേയർ ഇ.പി.ലതയുടെ നേതൃത്വത്തിൽ ആരംഭിച്ച മലബാർ അവയർനസ് ആന്റ് റെസ്ക്യൂ



സെന്റർ ഫോർ വൈൽഡ് ലൈഫ് (MARC) എന്ന സംഘടനയുടെ സഹകരണത്തോടെയാണ് പ്രവർത്തനം നടത്തിയത്. അതിന്റെ ഭാഗമെന്നോണം 6 മത്സ്യത്തൊഴിലാളികൾ 4 ബോട്ടുകളിലായി പുഴയുടെ 400 മീറ്ററോളം ശുചീകരിച്ചു. ഈ പ്രവർത്തനങ്ങളിൽ 27 ഓളം കോർപ്പറേഷൻ തൊഴിലാളികളും 4 ഫൈബർ ബോട്ടുകളിലുമായി മൽസ്യ തൊഴിലാളികളും പങ്കാളികളായി. പുഴയുടെ നവീകരണോദ്ഘാടനം ബഹുമാനപ്പെട്ട ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ.ശൈലജ നിർവ്വഹിച്ചു. പി.കെ. ശ്രീമതി ടീച്ചർ, ശ്രീ. പി.കെ. ഷാജി എം.എൽ.എ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.സുമേഷ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു. പുഴ മാസ്റ്റർ പ്ലാനിന്റെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. കൂടാതെ ബോധവൽക്കരണത്തിന്റെ ഭാഗമായി MARC ന്റെ നേതൃത്വത്തിൽ ഒരു പ്ലാസ്റ്റിക് മാലിന്യശേഖരണ മൽസരം സംഘടിപ്പിച്ചു. പതിനഞ്ച് മിനിട്ട് നീണ്ട മൽസരത്തിനൊടുവിൽ 2 ലോറി ലോഡ് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് നീക്കം ചെയ്തു.

## കോളയാട് പഞ്ചായത്ത്

കോളയാട് പഞ്ചായത്തിൽ 14 വാർഡുകളിലായി 378 താൽക്കാലിക തടയണകളും ഒരു കുള നവീകരണവും 11 ചെക്ക് ഡാം നവീകരണവും എടയാർപുഴ ശുചീകരണവും നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.സുരേഷ്കുമാർ ഉദ്ഘാടനം നിർവവ്വഹിച്ചു. വാർഡ് മെമ്പർമാരും മറ്റ് പൊതുപ്രവർത്തകരും നേതൃത്വം നൽകി. തൊഴിലുറപ്പുപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, നാട്ടുകാർ തുടങ്ങി 1375 പേർ പങ്കെടുത്തു.

## അഞ്ചരക്കണ്ടിപ്പുഴ

42 കിലോമീറ്ററോളം വരുന്ന 11 ഗ്രാമപഞ്ചായത്തുകളിലൂടെയും ഒരു നഗരസഭയിലൂടെയും കടന്നുപോകുന്ന അഞ്ചരക്കണ്ടിപ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് മാങ്ങാട്ടിടം പഞ്ചായത്തിലെ ആയിത്തറ മാമ്പററം ഭാഗത്ത് തുടക്കമിട്ടു. ഹരിതകേരളം



മിഷൻ സംസ്ഥാന കൺസൾട്ടന്റ് ശ്രീ. എസ്.യു.സഞ്ജീവ് പ്രവർത്തനം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കൃഷി ഓഫീസർ തുടങ്ങിയവർ ഉൾപ്പെടെ എഴുപതോളം പേർ പങ്കെടുത്തു. രാമച്ചം, ഈറ്റ തുടങ്ങിയവ പുഴയോരത്തത് സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചു.

## പായം പഞ്ചായത്ത്

പായം പഞ്ചായത്തിലെ കർമ്മ പരിപാടികൾക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. അശോകൻ നേതൃത്വം നൽകി. ബഹു. എം.എൽ.എ. സണ്ണി ജോസഫ് വള്ളിത്തോടും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എൻ.ടി. റോസമ്മ കോളിക്കടവിലും ശ്രീ. എൻ. അശോകൻ മാടത്തിലും ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് 18 വാർഡുകളിലും തടയണ നിർമ്മാണം ആരംഭിച്ചു. പഞ്ചായത്തിലെ ചെറുതും വലുതുമായ 32 തോടുകൾ 2343 ആളുകൾ ചേർന്ന് വൃത്തിയാക്കി. 550 ഓളം തടയണകൾ നിർമ്മിച്ചു. കുടുംബശ്രീ, ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ യുവജന സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ തുടങ്ങിയവർ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. മുന്നൊരുക്കമെന്നോണം വിപുലമായ സംഘാടകസമിതിയോഗം 2018 ഡിസംബർ ഒന്നിനും തുടർന്ന് 4, 5 തീയതികളിൽ, എല്ലാ വാർഡിലും കുടുംബശ്രീ, നഗരസമിതി, യുവജന സംഘടനകൾ ജനകീയ യോഗങ്ങൾ ചേർന്നു. നടപ്പ് സാമ്പത്തിക വർഷം 6 സ്ഥിരം തടയണ നിർമ്മിക്കും. ഒപ്പം 2019-20 വർഷം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ 25 തടയണകൾ നിർമ്മിക്കും. കൂടാതെ തൊഴിലുറപ്പിൽ 2000 വീടുകളിലെ കിണറുകൾ റീചാർജ്ജ് ചെയ്യാനും 100000 മഴക്കുഴികൾ നിർമ്മിക്കുവാനും 20 കിലോമീറ്റർ നീളത്തിൽ തട്ടുതിരിക്കൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഒരു വർഷം കൊണ്ട് 150 കിണറുകളും, 10 കുളങ്ങളും നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## തില്ലങ്കരി പഞ്ചായത്ത് - തടയണ നിർമ്മാണം

തില്ലങ്കരി പഞ്ചായത്തിലെ തടയണ നിർമ്മാണോദ്ഘാടനം വന്നേരി തോടിൽ



പഞ്ചായത്തത് പ്രസിഡന്റ് പി.പി.സുഭാഷ് നിർവ്വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ തുടങ്ങി ആയിരത്തോളം പേർ തടയണ നിർമ്മാണത്തിൽ പങ്കെടുത്തു. ഇതിന്റെ ഭാഗമായി 400 താത്കാലിക തടയണകൾ നിർമ്മിച്ചു. ഇതിനു മുന്നോടിയായി പഞ്ചായത്ത് തലത്തിലും വാർഡ്തലത്തിലും പ്രചാരണങ്ങൾ നടന്നു.

## പേരാവൂർ പഞ്ചായത്ത് -തടയണ നിർമ്മാണം

പേരാവൂർ പഞ്ചായത്തിൽ തൊണ്ടിഡാം, മാവടി പാടശേഖരം, നംബിയോട് തോട്, ഗോശാലപുരം തോട്, മുരിങ്ങാടി തോട്, തെറ്റുവഴി പുഴ, പോത്തുകുഴിപ്പുഴ, ഗണപതിയാട് പുഴ എന്നിവിടങ്ങളിൽ 12 തടയണകൾ നിർമ്മിച്ചു. ഇതിന്റെ ഉദ്ഘാടനം വൈസ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ജിജി ജോയ് നിർവ്വഹിച്ചു. കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവർ ഉൾപ്പെടെ എഴുപത്തഞ്ചോളം പേർ പങ്കെടുത്തു.

## കാടാച്ചിറ വലിയതോട്

കാടാച്ചിറ വലിയതോട് ശുചീകരണ പ്രവൃത്തി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.കെ. ഗിരീശൻ ഉദ്ഘാടനം ചെയ്തു. 70 ഓളം പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. 250 മീറ്റർ നീളത്തിൽ തോട് ശുചീകരണം പൂർത്തിയാക്കി.

## മുണ്ടേരി പഞ്ചായത്ത് വയൽ തോട്

മുണ്ടേരി പഞ്ചായത്ത് വയൽതോട് പുനരുജ്ജീവന പ്രവർത്തനം പഞ്ചായത്ത് പ്രസിഡന്റ് എ. പങ്കജാക്ഷൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് മെമ്പർമാർ, വികസന സ്റ്റാൻഡിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. 50 ഓളം പേർ പങ്കെടുത്തു. 700 മീറ്റർ വരുന്ന തോടിന്റെ 50 മീറ്ററോളം അന്നേ ദിവസം ശുചീകരിച്ചു.

## കീച്ചേരികുളം

പാപ്പിനിശ്ശേരി പഞ്ചായത്തിൽ 600 സ്ക്വയർ മീറ്ററോളം വിസ്തീർണ്ണം വരുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനം നടത്തി. തൊഴിലുറപ്പ് അംഗങ്ങളടക്കം നിരവധി പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രതിനിധികൾ, വാർഡ് മെമ്പർമാർ തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ഹരിതീർത്ഥക്കര വെള്ളച്ചാട്ടം

കാക്കോൽ - ആലപ്പടമ്പ പഞ്ചായത്തിലെ ഹരിതീർത്ഥങ്കര വെള്ളച്ചാട്ട പുനർജ്ജനി പ്രവർത്തനങ്ങളൾ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.പി.ഉഷ ഉദ്ഘാടനം ചെയ്തു. ടൂറിസം സാധ്യതകൾ ലക്ഷ്യമിട്ട് ഏകദേശം 13 ലക്ഷം രൂപയുടെ പദ്ധതികളാണ് വെള്ളച്ചാട്ട പ്രദേശത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത്.

## നടുക്കണ്ടം വയൽക്കുളം

കുറ്റിക്കാട്ടൂർ പഞ്ചായത്തിലെ പറവന്നൂരിൽ ജലം സംരക്ഷിക്കുന്നതിനായി നടുക്കണ്ടം വയലിൽ കുളത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഹരിതകേരളം മിഷൻ വാർഷികത്തിന്റെ ഭാഗമായി തുടക്കം കുറിച്ചു. ബ്ലോക്ക് തല ഉദ്ഘാടനം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വസന്തകുമാരി നിർവ്വഹിച്ചു. ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ പ്രദേശവാസികൾ തുടങ്ങി ഒട്ടനേകം പേർ പങ്കെടുത്തു.

## തള്ളിയിൽ കുഞ്ഞുകുളം

ആന്തൂർ നഗരസഭയിലെ തളിയിൽ കുഞ്ഞുകുളം ശുചീകരണ പ്രവർത്തനങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങൾ 2018 ഡിസംബർ അഞ്ചിന് വാർഡ് തലത്തിൽ നടത്തുകയുണ്ടായി. പ്രവർത്തനങ്ങളളുടെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. പി.കെ.ശ്യാമള ടീച്ചർ നിർവവ്വഹിച്ചു. ക്ഷേമകാര്യ ചെയർമാൻ, ആരോഗ്യ കമ്മിറ്റി ചെയർപേഴ്സൺ, കെ.പി.ശ്യാമള, വാർഡ് കൗൺസിലർമാർ തുടങ്ങിയവർ സംസാരിച്ചു. കുടുംബശ്രീ അംഗങ്ങൾ, ഹരിതകർമ്മസേനക്കാർ, തൊഴിലുറപ്പ്കാർ, പൊതുപ്രവർത്തകർ തുടങ്ങി 56 പേർ ശുചീകരണത്തിൽ പങ്കെടുത്തു.

## കല്ലുമ്പ്രം തോട്

കതിരൂർ പഞ്ചായത്ത് വിവിധ വാർഡുകളിലായി കല്ലുമ്പ്രം തോട് ശുചീകരണ പ്രവൃത്തികൾ നടന്നു. കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബ ഉദ്ഘാടനം നിർവ്വഹിച്ച ശുചീകരണ പ്രവർത്തനത്തിൽ പൊന്ന്യം കതിരൂർ ഏരിയ ക്ലബ്ബുകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി 50 ഓളം പേർ പങ്കെടുത്തു.

## മുണ്ടപ്പുറം മൂലക്കുളം നവീകരണം

ചെറുകുന്ന് പഞ്ചായത്തിലെ മുണ്ടപ്പുറം മൂലക്കുളം നവീകരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി.അസ്സൻ കുഞ്ഞ് മാസ്റ്റർ ഉദ്ഘാടനം നിർവ്വഹിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെ നിരവധി പേർ നവീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## തടയണ നിർമ്മാണവും കുളം നവീകരണവും-മൊകേരി പഞ്ചായത്ത്

മൊകേരി പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച നാലു കുളങ്ങളുടെ നവീകരണവും തടയണകളുടെയും നിർമ്മാണവും നടത്തി. പത്തിപ്പാലത്ത് വള്ളിയാൽ ചിറമ്മൽ, ഈസ്റ്റ് വള്ളിയായി, മഞ്ചക്കുണ്ട് എന്നിവിടങ്ങളിലും പാടാലപ്പുഴയിലും ആണ് നിർമ്മിച്ചത്. പ്രസ്തുത പ്രദേശങ്ങളിലെ തടയണ സംരക്ഷണ കമ്മിറ്റി അംഗങ്ങൾ, ജനപ്രതിനിധികൾ, നാട്ടുകാർ തുടങ്ങിയവർ അടങ്ങിയ 15 ഓളം ആൾക്കാർ നിർമ്മാണത്തിൽ പങ്കു ചേർന്നു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വിമല ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ പഞ്ചായത്തിലെ കല്ലിക്കുളം, താഴെത്തരവത്ത് കുളം, മൊകേരി വയലിലെ രണ്ടു കുളങ്ങൾ തുടങ്ങിയവയുടെ നവീകരണവും ഹരിതകേരളം മിഷൻ വാർഷികത്തോടനുബന്ധിച്ചു നടത്തി.

### മണ്ണോറക്കുളം

2018 ഡിസംബർ 8 ന് നഗരസഭയിലെ മുപ്പതാം വാർഡിലെ മണ്ണോറക്കുളത്തിൽ ജനകീയ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. നഗരസഭാ ചെയർമാൻ, വൈസ് ചെയർമാൻ, കൗൺസിലർമാർ, നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്.

## കാസറഗോഡ്

### 1. മാനൂരി – അരയിപ്പുഴ

മടിക്കൈ ഗ്രാമപഞ്ചായത്തിൽ മാനൂരി അരയിപ്പുഴയിൽ പുനരുജ്ജീവന പ്രവർത്തനവും തടയണ നിർമ്മാണവും നടന്നു. ഇതിനു മുന്നോടിയായി തൊഴിലുറപ്പ് തൊഴിലാളികളേയും പാടശേഖര സമിതികളേയും ഉൾപ്പെടുത്തിക്കൊണ്ട് സംഘാടക സമിതി രൂപീകരിച്ചു. പ്രവർത്തന പ്രചരണാർത്ഥം 2018 നവംബർ 27 ന് വിളംബര ഘോഷയാത്ര സംഘടിപ്പിച്ചു. ഉദ്ഘാടനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. തടയണ നിർമ്മാണത്തിലൂടെ കൃഷിയുടെ പരിപാലന സുഗമമാക്കി. പുഴയുടെ ശുചീകരണാർത്ഥം 3 കി.മീ. പുഴനടത്തം സംഘടിപ്പിക്കുയും അതിൽ 2 കി.മീ. ശുചീകരണം നടത്തുകയും ചെയ്തു.

### 2. പാലക്കുന്ന് തോട്, ഏച്ചിലാങ്കയം – വരമ്പുപാറ തോട്

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ പാലക്കുന്ന് തോട്, ഏച്ചിലാങ്കയം – വരമ്പുപാറ തോട് എന്നിവയാണ് ശുചീകരണത്തിനായി തിരഞ്ഞെടുത്തത്. ശുചീകരണ പ്രവർത്തനത്തിനു മുന്നോടിയായി യോഗ തീരുമാന പ്രകാരം ഡിസംബർ 8 ന് ഗ്രാമവാസികളുടേയും തൊഴിലുറപ്പ് തൊഴിലാളികളുടേയും യോഗം ചേർന്നു. 15-ാം വാർഡിലെ പാലക്കുന്ന് തോട് 50 മീറ്റർ നവീകരണം നടത്തി. ഈ പ്രവർത്തനത്തിൽ 30 ആൾക്കാർ പങ്കെടുത്തു. ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പ്രസീദ രാജൻ ഉദ്ഘാടനം നിർവ്വഹിച്ചു. അതോടൊപ്പം ഏച്ചിലാങ്കയം-വരമ്പുപാറ തോട് 65 മീറ്റർ ശുചീകരണവും നടത്തുകയുണ്ടായി. ഈ പ്രവർത്തനത്തിൽ 28 പേർ പങ്കെടുത്തു.

### 3. പാലായി വള്ളിക്കുന്നുമ്മേൽ കുളം

നീലേശ്വരം നഗരസഭയിലെ പാലായിവള്ളിക്കുന്നുമ്മേൽ കുളം ശുചീകരണത്തിനായി ഏറ്റെടുത്തു. ഇതിനു മുന്നോടിയായി വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ ആലോചനായോഗം കൂടി. ശുചീകരണ പ്രവർത്തനങ്ങളുടെ പോസ്റ്റർ പ്രചാരണം, പ്രചാരണ വിളംബര ഘോഷയാത്രയും നടത്തുകയുണ്ടായി. കുളം ശുചീകരണത്തിന്റെ ഉദ്ഘാടനം ബഹു. നഗരസഭാ ചെയർമാൻ, പ്രൊഫ കെ.പി. ജയരാജൻ നിർവ്വഹിച്ചു. വിവിധ വകുപ്പ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു. 400 ച.മീ. വിസ്തീർണ്ണമുള്ള കുളം ഒരു ദിവസംകൊണ്ട് ശുചീകരിച്ചു. പ്രവർത്തനത്തിൽ 96 പേർ പങ്കെടുത്തു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കൊപ്പം ആരോഗ്യവകുപ്പും മറ്റു സന്നദ്ധ സംഘടനകളും ശുചീ

കരണത്തിൽ പങ്കാളികളായി. ശേഷിക്കുന്ന പണികൾ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3 മാസം കൊണ്ട് പൂർത്തിയാക്കാൻ തീരുമാനിച്ചു.

### 4. മുഴക്കോം പാടശേഖര തോട്

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ ശുചീകരണത്തിനായി മുഴക്കോം പാടശേഖര തോട് തിരഞ്ഞെടുത്തു. ഗ്രാമസഭകൾ, വികസന സെമിനാർ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവരിലൂടെ പ്രചാരണം നടത്തി. പ്രവർത്തനോദ്ഘാടനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. 2.50 കി.മീ. നീളമുള്ള തോട് 150-ലേറെ പേർ ചേർന്ന് ശുചീകരിച്ചു. കൃഷിവകുപ്പും, കലാ-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരും മുഖ്യ പങ്കാളിത്തം വഹിച്ചു.

### 5. പരുത്തിപ്പുഴ

കാഞ്ഞങ്ങാട് നഗരസഭ ഹരിത കേരളം മിഷൻ 2-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് 2018 ഡിസംബർ 8-ാം തീയതി ശനിയാഴ്ച നഗരസഭ പരിധിയിലെ പരുത്തിപ്പുഴ ബഹുജന പങ്കാളിത്ത ത്തോടുകൂടി ശുചീകരിക്കുകയുണ്ടായി. രാവിലെ 10 മണിക്ക് ആരംഭിച്ച ശുചീകരണ പ്രവർത്തനത്തിന് ബഹു. നഗരസഭ ചെയർമാൻ ശ്രീ. വി.വി. രമേശൻ നേതൃത്വം നൽകുകയും വാർഡ് കൗൺസിലർമാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ 100 ലധികം പേർ പ്രവർത്തനത്തിൽ പങ്കാളിയാകുകയും ചെയ്തു. ആകെ 150 മീറ്റർ ഭാഗം പായലുകളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കി. ഹരിത കേരളം മിഷൻ 2-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന മേൽ പ്രവർത്തനത്തിലൂടെ നഗരസഭാ പരിധിയിലെ ഉപയോഗ ശൂന്യമായ കിടന്നിരുന്ന ജലനിർഗമന മാർഗം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുംവിധം മാറ്റിത്തീർക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്.



ഈ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി നഗരസഭതലത്തിൽ ജലസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു.

## 6. കുണ്ടുകൊളകെ തോട്

ജനപ്രതിനിധികളുടെ നേതൃത്വത്തിൽ മഞ്ചേശ്വരം പഞ്ചായത്തിൽ കുണ്ടുകൊളകെ തോടിന്റെ ശുചീകരണവുമായി ബന്ധപ്പെട്ട് പ്രാദേശിക യോഗങ്ങൾ നടന്നു. യോഗത്തിന്റെ തീരുമാനപ്രകാരം വിളംബര ഘോഷയാത്രകൾ സംഘടിപ്പിച്ചു. തോട് ശുചീകരണം ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അബ്ദുൾ അസീസ് ഹാജി നിർവ്വഹിച്ചു. തൊഴിലുറപ്പ് പ്രവർത്തരും അംഗൻവാടി ജീവനക്കാരും ശുചീകരണ പ്രവർത്തനത്തിൽ മുഖ്യപങ്കുവഹിച്ചു. 150 മീറ്ററിൽ ശുചീകരണം നടത്തി. ശുചീകരണത്തിൽ ഒതുങ്ങി നിൽക്കാതെ ജലം മലിനമാകാതെ സംരക്ഷിക്കേണ്ടതിനെപ്പറ്റി പ്രദേശവാസികൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനം നടന്നു. ഇതിൽ ജനപ്രതിനിധികൾക്കൊപ്പം കുടുംബശ്രീ സി.ഡി.എസും മുഖ്യ പങ്ക് വഹിച്ചു. ആകെ 25 പേർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## 7. അമ്പലത്തറ പേരൂർ തോട്

കാസർഗോഡ് ജില്ലയിലെ അമ്പലത്തറ പേരൂർ തോട് നവീകരണ പ്രവർത്തനങ്ങൾ നടത്തി. തൊഴിലുറപ്പ് തൊഴിലാളികൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, ക്ലബ്ബുകൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ നടന്നു. തോടിൽ തടയണ നിർമ്മിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം ആരംഭിച്ചത്. പരിപാടിയുടെ തുടക്കമെന്നോണം പുഴനടത്തം സംഘടിപ്പിച്ചു. തടയണ നിർമ്മാണോദ്ഘാടനം പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാരദ എസ്. നായർ നിർവ്വഹിച്ചു. ഹരിതകേരളം മിഷൻ രണ്ടാം വാർഷിക ദിനത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ സർക്കാർ സർക്കാരിതര ഏജൻസികളുടെ പങ്കാളിത്തത്തോടെ ജനകീയമായി തടയണ നിർമ്മാണം നടന്നു. പ്രവർത്തനത്തിൽ 110 പേർ പങ്കെടുത്തു.

## 8. നെല്ലിയടുക്കം കൂവാറ്റിച്ചാല്

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് കാസർഗോഡ് കരിന്തളം ഗ്രാമപഞ്ചായത്തിൽ നെല്ലിയടുക്ക കൂവാറ്റ ചാലാണ് ശുചീകരണത്തിനായി ഏറ്റെടുത്തത്. ഈ പ്രവർത്തനത്തന്റെ ആലോചനായോഗം 05.12.2018-ൽ പഞ്ചായത്ത് തലത്തിൽ നടന്നു. ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രചാരണം നടത്തി. സാമൂഹ്യ മാധ്യമങ്ങൾ പ്രചാരണത്തിനായി ഫലപ്രദമായി ഉപയോഗിച്ചു. വ്യക്തമായ പദ്ധതികളോടെ ശുചീകരണ പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനത്തിന്റെ ഉദ്ഘാടനം പി. കരുണാകരൻ എം.പി. നിർവ്വഹിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു. ശുചീകരണ പ്രവർത്തനങ്ങളുടെ തുടക്കം 2 കി.മീ. നീളുന്ന പുഴ നടത്തത്തിലൂടെ ആരംഭിച്ചു. തുടർന്ന് ചാലിന്റെ

ശുചീകരണം ആരംഭിച്ചു. ഹരിത കേരളം മിഷനെ കൂടാതെ തൊഴിലുറപ്പ് പദ്ധതി നല്ല പങ്കാളിത്തം നടത്തി. രാഷ്ട്രീയ പാർട്ടികൾക്ക് അതീതമായി സമൂഹത്തിന്റെ നാനാ ഭാഗത്തുനിന്നും ശുചീകരണ പ്രവർത്തനങ്ങൾക്ക് പിന്തുണ ലഭിച്ചു.

## 9. ചിത്താരിപ്പുഴ

കാസർഗോഡ് ജില്ലയിലെ പൂണൂർ-ഇരിയയിൽ നിന്നുമുള്ള ചിത്താരിപ്പുഴയാണ് ശുചീകരിച്ചത്. ചിത്താരിപ്പുഴയുടെ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിലെ ജനപ്രതിനിധികളുടേയും പരിസ്ഥിതി പ്രവർത്തകരുടേയും നേതൃത്വത്തിൽ ചിത്താരിപ്പുഴയുടെ വിവിധ പ്രദേശങ്ങളിൽ ജനകീയ കൂട്ടായ്മകളുണ്ടാക്കി ശുചീകരണ നവീകരണ പ്രവർത്തനങ്ങളേയും പുഴയോരത്ത് സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നെതിനെപ്പറ്റിയും 08.5.2018 ന് ചേർന്ന യോഗത്തിൽ ചർച്ച ചെയ്തു. അള്ളങ്കോട് ചിത്താരിപ്പുഴയോരത്ത് 15.05.2018 ന് യോഗം ചേർന്ന് പുഴനടത്തം തീരുമാനിച്ചു. 28.05.2018 ന് 50-ഓളം ആളുകളെ പങ്കെടുപ്പിച്ച് പുഴ നടത്തം സംഘടിപ്പിച്ചു. അള്ളങ്കോട് പാലത്തിന് സമീപത്തുനിന്ന് ആരംഭിച്ചു കോടാട്ട് പാലം വരെയുള്ള പുഴ ശുചീകരിക്കാൻ തീരുമാനിച്ചു. 04.12.2018 ന് സംഘാടക സമിതി യോഗം ചേർന്നു. ഡിസംബർ 8-ാം തീയതി രാവിലെ 10 മണിക്ക് ചിത്താരിപ്പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ചിത്താരിപ്പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ജില്ലാതല ഉദ്ഘാടനം ചിത്താരി അള്ളങ്കോട് പാലത്തിനു സമീപം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ഗൗരി നിർവ്വഹിച്ചു. ചങ്ങമ്പുഴ കലാ-കായിക ക്ലബ്ബ് പ്രവർത്തകർ, ഇ.എം.എസ്. സ്മാരക ഗ്രന്ഥാലയം, വേലാശ്വരം വിശ്വഭാരതി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്, യുണൈറ്റഡ് ക്ലബ്ബ്, വാണിയംപാറ കർഷക സംഘത്തിന്റെ പ്രതിനിധികൾ തുടങ്ങി 400-ൽ പരം ആളുകൾ സംബന്ധിച്ചു. തുടർന്ന് പുഴയിൽ അടിഞ്ഞുകൂടിയ ജൈവമാലിന്യങ്ങൾ നീക്കം ചെയ്തു. ഏകദേശം 2 കി.മീ. നീളത്തിലാണ് പ്രവർത്തനം നടന്നത്. ജൈവ-അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുകയും അജൈവ മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി റീസൈക്ലിംഗിന് നൽകാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു.

16.12.2018 ന് യുണൈറ്റഡ് ക്ലബ്ബിന്റേയും ഹരിതകേരളം മിഷന്റേയും സംയുക്താഭിമുഖ്യത്തിൽ മാലിന്യ പരിപാലനത്തെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് നടന്നു. ആ പ്രദേശത്ത് വീണ്ടും മാലിന്യം നിക്ഷേപിക്കാതിരിക്കാൻ ഇത് സഹായിക്കും എന്ന് പ്രത്യാശിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ പുഴയ്ക്ക് ഷട്ടർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഉപ്പുവെള്ളം കയറുന്നത് ഇല്ലാതാകുമ്പോൾ നിലവിലുള്ള കൃഷിസ്ഥലങ്ങളിൽ രണ്ടാം വിള കൃഷി കൂടി നടത്താൻ സാധിക്കും. പുഴ ഉത്ഭവ സ്ഥാനം മുതൽ പതന സ്ഥാനം വരെ ഇരുകരകളിലുമുള്ള ആളുകളെ സംഘടിപ്പിച്ച് പുഴ സംരക്ഷണത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, മാലിന്യം നീക്കം ചെയ്യൽ, ഇരു കരകളിലും മുള, കണ്ടൽ കാടുകൾ തുടങ്ങിയവ വെച്ചു പിടിപ്പിക്കൽ, സാധ്യമായ സ്ഥലങ്ങളിൽ വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.

## 10. കളൂർ കരിപ്പാർ കളായി കട്ട തോട്

കാസർഗോഡ് ജില്ല, മഞ്ചേശ്വരം ബ്ലോക്ക്, മീഞ്ച ഗ്രാമപഞ്ചായത്തിലെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ രണ്ടാം വാർഷികം ആഘോഷവുമായി ബന്ധപ്പെട്ട് 9-ാം വാർഡിൽ തോട് ശുചീകരണ പ്രവർത്തനം നടത്തി. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയിൽ വിശദമായ ചർച്ച നടത്തുകയും ഇതിന്റെയടിസ്ഥാനത്തിൽ 9-ാം വാർഡിൽ കളൂർ കരിപ്പാർ കളായി കട്ട തോട് ശുചീകരണ പ്രവർത്തനം തെരഞ്ഞെടുക്കുകയും ചെയ്തു. ഈ തോടിന് ഏകദേശം മൂന്ന് കിലോമീറ്റർ നീളമുണ്ട്. ഈ തോടിന്റെ കരിപ്പാർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വി.സി.ബി. ശുചീകരണം നടത്തി. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുന്നോടിയായി വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ 2 ദിവസം മുമ്പ് ഒരു യോഗം പ്രസ്തുത സ്ഥലത്ത് സംഘടിപ്പിച്ചിരുന്നു. ഇതിൽ 23 പേർ പങ്കെടുത്തിരുന്നു. യോഗത്തിൽ ജലസംരക്ഷണത്തിനുള്ള പ്രാധാന്യത്തെപ്പറ്റി ജനങ്ങൾക്ക് ബോധവൽക്കരണം നടത്തി. 14.12.2018 തീയതി കരിപ്പാർ എന്ന സ്ഥലത്ത് ശുചീകരണ പ്രവർത്തനം നടത്തി. ശുചീകരണ പ്രവർത്തനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷംഷാദ് ഷുക്കൂർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സെക്രട്ടറി, മറ്റ് ജീവനക്കാർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, പ്രദേശത്തുള്ള ജനങ്ങൾ ശുചീകരണ പ്രവർത്തനനത്തിൽ പങ്കാളികളായി. പ്രസ്തുത തോടിന്റെ ഒരു ഭാഗത്തെ ശുചീകരണ പ്രവർത്തനം നടത്തി.



## 11. കുഴിഞ്ഞടികുളം

മാലിന്യം നിറഞ്ഞു കിടന്ന കുഴിഞ്ഞടിക്കുളം ശുദ്ധീകരിക്കാൻ പഞ്ചായത്ത് തലത്തിൽ തീരുമാനമെടുത്തു. ഇതിന്റെ മുന്നോടിയായി നാട്ടുകാരുടേയും സാമൂഹ്യ പ്രവർത്തകരുടേയും യോഗം നവംബർ മാസത്തിൽ വിളിച്ചു ചേർത്തു. തുടർന്ന് കുഴിഞ്ഞടിക്കുളം നവീകരിക്കുന്നതിന് തീരുമാനിച്ചു. ശുചീകരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം കുടുംബശ്രീ പ്രവർത്തകർ, ക്ലബ്ബുകൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിസര പ്രദേശങ്ങളിൽ ഗൃഹസന്ദർശന ക്യാമ്പയിനുകൾ നടത്തി. അതോടൊപ്പം

സാമൂഹ്യ മാധ്യമങ്ങളുടെ സാധ്യതകൾ പ്രചാരണത്തിന് പരമാവധി ഉപയോഗിക്കാൻ കഴിഞ്ഞു. കുളം നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. മറ്റു ജന പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ സന്നിഹിതരായി. പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന സന്ദർശന ക്യാമ്പയിനുകളിൽ ഏകദേശം 200-ലധികം പേർ പങ്കെടുത്തു. 24 മീറ്റർ നീളമുള്ള കുളത്തിലെ മാലിന്യ ങ്ങൾ ഒരു ദിവസംകൊണ്ട് നീക്കം ചെയ്തു. ശുചീകരണ പ്രവർത്തനങ്ങളിൽ തൊഴിലു റപ്പ് പദ്ധതിയുടേയും ഹരിതകർമ്മ സേനാംഗങ്ങളുടേയും സജീവമായ പങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കാൻ കഴിഞ്ഞു. കുളം നവീകരണ പ്രവർത്തനങ്ങളിൽ 394 പേർ പങ്കെടുത്തു.

## 12. പൈവളികെ പള്ളങ്ങൾ

ഹരിതകേരളം മിഷന്റെ ഭാഗമായി പൈവളികെ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലെ ബായിക്കട്ടെ, പൈവളികെ പള്ളങ്ങൾ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് 10.12.2018 ന് തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഭാരതി ജെ. ഷെട്ടി, വൈസ് പ്രസിഡന്റ് ശ്രീമതി സുനിതി വൾട്ടി ഡിസൂസ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എം.കെ. അമീർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. പ്രസാദ് റായ്, വാർഡ് മെമ്പർമാരായ ശ്രീമതി റാബിയ, സുജാത ബി. റായ്, ശ്രീ. ചനിയ കൊമ്മങ്കള, ജില്ലാ പഞ്ചായത്ത് ജീവനക്കാരനായ ശ്രീ. മൂസ ബായിക്കട്ടെ (പ്രദേശവാസി) സി.ഡി.എസ്. ചെയർപേഴ്സൺ, സി.ഡി.എസ്./എ.ഡി.എസ്. മെമ്പർമാർ, മറ്റ് പഞ്ചായത്ത് ജീവനക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ്. ജോലിക്കാരും ചേർന്ന് പുനരുജ്ജീവന പ്രവർത്തനങ്ങൾ തുടങ്ങി. പ്രവർത്തനത്തിന് മുന്നൊരുക്ക യോഗങ്ങൾ നടത്തിയിരുന്നു. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. ജോലിക്കാരുടെ സേവനം ഉപയോഗപ്പെടുത്തി വീടുകൾതോറും ബോധവൽക്കരണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഭാരതി ജെ. ഷെട്ടി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. പ്ലാസ്റ്റിക് ഖര മാലിന്യങ്ങൾ നീക്കി പ്രത്യേകം പ്രത്യേകം വേർതിരിച്ചു ശേഖരിച്ചു വച്ചു. ഏകദേശം നാല് ഏക്കറോളം വരുന്ന പള്ളം പുനരുജ്ജീവന ഉദ്യമത്തിൽ 120-ഓളം ആളുകൾ പങ്കെടുത്തു. ഒരു വർഷംകൊണ്ട് പൂർത്തീകരിക്കുന്ന ഭാവി പരിപാടികൾക്ക് രൂപം നൽകി.

## 13. എ.ജി. കുളം നവീകരണം

തൃക്കരിപ്പൂർ പഞ്ചായത്തിൽ എ.ജി. കുളം ആണ് ശുചീകരണത്തിനായി തിര ഞ്ഞെടുത്തത്. പ്രവർത്തനത്തിന് മുന്നോടിയായി പഞ്ചായത്ത് തലത്തിൽ യോഗം വിളി ച്ചുചേർത്തു. കുടുംബശ്രീയും തൊഴിലുറപ്പ് തൊഴിലാളികളും പ്രചാരണത്തിനുള്ള മുഖ്യ പങ്കാളിത്തം വഹിച്ചു. കുളം നവീകരണം ഉദ്ഘാടനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വി.പി. ഫൗസിയ നിർവ്വഹിച്ചു. ജന പ്രതിനിധികൾ, കൃഷി ഓഫീസർ, തൊഴിലു റപ്പ് എഞ്ചിനീയർ തുടങ്ങിയവർ പങ്കെടുത്തു. 12 മീറ്റർ നീളവും 12.10 മീറ്റർ വീതിയുമുള്ള കുളം പ്ലാസ്റ്റിക് മാലിന്യവും ചെളിയും പായലുകളും കോരി കളഞ്ഞ് വൃത്തിയാക്കി. കൃഷിവകുപ്പും കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയും പ്രവർത്തന ങ്ങളിൽ മുഖ്യ പങ്



വഹിച്ചു. 74 പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഇതോടൊപ്പം കൃഷി ഓഫീസർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ ബോധവൽക്കരണ ക്ലാസ്സുകളും ഒപ്പം കർഷകരുടെ അനുഭവ വിവരണവും സംഘടിപ്പിച്ചു.

## 14. പെട്ടുംകുഴി കേളു ഗുഡ്ഡെ കുളം

മധൂർ ഗ്രാമപഞ്ചായത്തിൽ ശുചീകരണതിനായി തിരഞ്ഞെടുത്തത് ചെട്ടുംകുഴി കേളു ഗുഡ്ഡെ കുളമാണ്. ഇവിടെ പുതിയ കുളം നിർമ്മിച്ചു. പ്രവർത്തന ഏകോപനത്തിനായി വാർഡ് തലത്തിൽ യോഗം കൂടുകയും പ്രചാരണം നടത്തുകയും ചെയ്തു. ഉദ്ഘാടനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മാലതി സുരേഷ് നിർവ്വഹിച്ചു. പ്രവർത്തന ത്തോടൊപ്പം ഭൂഗർഭ ജലത്തിന്റെ അളവ് വർധിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ചും കുടിവെള്ള ക്ഷാമത്തെക്കുറിച്ചും കുളം മലിനപ്പെടാതെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യ കതയെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ് നടത്തി. പ്രവർത്തനത്തിൽ തൊഴിലുറപ്പ് പദ്ധതിക്ക് ഒപ്പം ആരോഗ്യ വകുപ്പും മുഖ്യ പങ്ക് വഹിച്ചു. കുളം നിർമ്മാണത്തിൽ 20 പേർ പങ്കെടുത്തു. കുളത്തിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ തീരുമാനമെടുത്തു.

## 15. പൊയ്നാച്ചിമൊട്ട കുളം

കാസർഗോഡ് ജില്ലയിലെ പൊയ്നാച്ചിമൊട്ട കുളം പുനരുജ്ജീവന പരിപാടി നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വൈസ് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഈ പ്രവർത്തനത്തിന് മുന്നോടിയായി ഒരു യോഗവും ബോധവൽക്കരണ പരിപാടികളും നടത്തി. കുളത്തിന്റെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട ഫാം പോണ്ട് നിർമ്മിച്ചു. മഹാത്മാ ഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തകരുടെ സഹകരണവും ഏകദേശം 35-ഓളം ആളുകളുടെ പങ്കാളിത്തവും ഉണ്ടായിരുന്നു. ഭാവി പ്രവർത്തനവുമായി ബന്ധപ്പെട്ട് വള്ളിയോട് ഗണ്ണപ്പ ഫാം പോണ്ട് നിർമ്മാണം നടത്താൻ തീരുമാനിച്ചു.

## 16. കരുവാക്കോട് ചരൽക്കടവ് തോട്

കാസർഗോഡ് പള്ളിക്കര ഗ്രാമപഞ്ചായത്തിൽ ശുചീകരണത്തിനായി തിരഞ്ഞെടുത്തത് കരുവാക്കോട് ചരൽക്കടവ് തോട് ആണ്. പ്രവർത്തനത്തിന് മുന്നോടിയായി 2018 ഡിസംബർ 3 ന് പഞ്ചായത്ത് തലത്തിൽ യോഗം ചേർന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങളുടെ പ്രചാരണം സംഘടിപ്പിച്ചു. ശുചീകരണ പരിപാടി കേരള സംസ്ഥാന ജൈവ വൈവിധ്യബോർഡ് മെമ്പർ സെക്രട്ടറി ഡോ. വി. ബാലകൃഷ്ണൻ അവർകൾ ഉദ്ഘാടനം ചെയ്തു. ശുചീകരണ പ്രവർത്തനത്തിന്റെ പ്രാരംഭ ഘട്ടമെന്നോണം 400 മീറ്റർ 122 പേരുടെ പങ്കാളിത്തത്തോടെ ശുചിയാക്കി. കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ പ്രവർത്തകർ എന്നിവർ പരിപാടിയുമായി സഹകരിച്ചു.

## 17. മാണിയാട് തോട്

കാസർഗോഡ് ജില്ലയിലെ മാണിയാട് തോടിന് തടയണ നിർമ്മിക്കാൻ തീരുമാനിച്ചു. ഉദ്യോഗസ്ഥ തല യോഗങ്ങളും വാർഡ് സമിതി യോഗങ്ങളും നടന്നു. ബോർഡുകൾ സ്ഥാപിച്ച് പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. തടയണ നിർമ്മാണ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. പ്രസിഡന്റ് തടയണ നിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിച്ചു. പുഴ നടത്തം ഏകദേശം 600 മീറ്ററോളവും ശുചീകരണം 600 മീറ്ററോളവും നടന്നു. തൊഴിലുറപ്പ് പദ്ധതിയിൽനിന്നും സഹകരണം ലഭിച്ചു. 54 ആൾക്കാർ പങ്കെടുത്തു. ഭാവി പ്രവർത്തനത്തെപ്പറ്റി ചർച്ചകൾ നടന്നു. എരവിൽ കുളം നിർമ്മാണം ഉടൻ ആരഭിക്കാൻ തീരുമാനിച്ചു.

## 18. ദേരഡക്ക ശാന്തനഡക്ക കനാൽ

കാസറഗോഡ് ജില്ലയിലെ ദേരഡക്ക ശാന്തനഡക്ക കനാൽ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ചെളി നീക്കം ചെയ്ത് ആഴം കൂട്ടി. ബഹു. പുത്തിഗെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അരുണ ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ശ്രീ. പി.ബി. മുഹമ്മദ്, ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. ചനിയപാടി, വികസന കാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ജയന്തി, ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ശാന്തി, പുത്തിഗെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. ഹരീഷ്, പുത്തിഗെ ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി ശ്രീ. സുരേഷ് കെ.ആർ, എം.ജി. എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ ശ്രീ. പ്രജ്വൽ കുമാർ, മേയർ ജയലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു. വെള്ളത്തിന്റെ ലഭ്യത കുറയുന്നതിനെക്കുറിച്ചും ചെളി നീക്കം ചെയ്ത് പുനരുദ്ധാരണം നടത്തിയാൽ ലഭ്യമാകുന്ന ജല സ്രോതസ്സിനെക്കുറിച്ചും അതുവഴി കൃഷി കാര്യങ്ങളിൽ ഉണ്ടാവുന്ന പുരോഗതിയെക്കുറിച്ചും ആവശ്യമായ



വിവരങ്ങൾ യോഗങ്ങളിൽ ചർച്ച ചെയ്തു. രണ്ട് കി. മീറ്റർ പുഴ നടത്തവും, 1.5 കി. മീറ്റർ ശുചീകരണവും നടത്തി. 55 പേർ പങ്കെടുത്തു. കനാലിന്റെ ആഴം കൂട്ടി ജലമാർഗ്ഗം തുറന്ന്, കൃഷിയിടങ്ങളിലേയ്ക്ക് കുടുതൽ ജലം എത്തിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു.

## 19. എടനീര് മധുവാഹിനിപ്പുഴ

കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിലെ എടനീര് മധുവാഹിനിപ്പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് തടയണ നിർമ്മിച്ചു. പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാഹിന സലീമിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർ ഡോ. ഡി. സജിത്ബാബു ഉദ്ഘാടനം ചെയ്തു. 500-ഓളം പേർ പങ്കെടുത്ത പരിപാടി നാടിനെ ഉത്സവാന്തരീക്ഷത്തിലാക്കി. ഇതിനു മുന്നോടിയായി സംഘാടക സമിതി രൂപീകരണ യോഗം സംഘടിപ്പിച്ചു. മെമ്പർമാർ, യുവജന ക്ലബ്ബ് ഭാരവാഹികൾ, കുടുംബശ്രീ-തൊഴിലുറപ്പ് പ്രവർത്തകർ, സാമൂഹ്യ-സാംസ്കാരിക സംഘടനാ നേതാക്കൾ എന്നിവർ സംബന്ധിച്ചു. വിവിധ വാർഡുകളിൽ പ്രചാരണ യോഗങ്ങൾ സംഘടിപ്പിച്ചു. പൊതുജനങ്ങൾ, യുവജന ക്ലബ്ബുകൾ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

പലകയിടൽ പ്രവർത്തനത്തിന് നാട്ടുകാരോടൊപ്പം കളക്ടറും പഞ്ചായത്ത് പ്രസിഡന്റും മുന്നിട്ടിറങ്ങി. എടനീരിലെയും പരിസര പ്രദേശങ്ങളിലെയും ഹെക്ടർ കണക്കിന് തോട്ടങ്ങൾക്കും വയലുകൾക്കും ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തടയണ നിർമ്മാണത്തിലൂടെ സാധിക്കുമെന്ന് പ്രസിഡന്റ് ഷാഹിന സലിം അറിയിച്ചു. കൂടാതെ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും പച്ചപ്പ് നിലനിർത്തുന്നതിനും തടയണ ഉപകാരപ്രദമായും തടയണ നിർമ്മാണത്തിന്റെ ഭാഗമായി ചെങ്കള ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർമാരും 200-ഓളം തൊഴിലുറപ്പ് പ്രവർത്തകരും നാട്ടുകാരും സന്നദ്ധ സേവന രംഗത്ത് സജീവമായി മധുവാഹിനി പുഴയിൽ ശുചീകരണ യജ്ഞം

നടത്തി. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീ. എം.പി. സുബ്രഹ്മണ്യൻ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്ത കുമാരി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ഷാഹിദ, മുഹമ്മദ് കുഞ്ഞി, മഹ്മൂദ് തൈവളവ്, എൻ.എ. താഹിർ, സദാനന്ദൻ, എം.സി.എ. ഫൈസൽ, സഫിയ, നാസർ കട്ടു കൊച്ചി, അബ്ദുള്ള കുഞ്ഞി, സിന്ധു, മണിചന്ദ്രകുമാരി, ജയശ്രീ, എ. അമ്മിണി, ഓമന, റഷീദ, പഞ്ചായത്ത് സെക്രട്ടറി എം. സുരേഷ് എന്നിവർ സംസാരിച്ചു. 5 കി.മീറ്ററോളം പുഴ നടത്തവും, 800 മീറ്റർ ശുചീകരണവും നടത്തി. ഭാവി പ്രവർത്തനങ്ങളായി പുഴയുടെ പാർശ്വഭിത്തി സംരക്ഷണവും മറ്റു ഭാഗങ്ങളിലെ തടയണ നിർമ്മാണം, എന്നിവ ജനപങ്കാളിത്തത്തോടെ നടത്തുമെന്ന് തീരുമാനിച്ചു.

## 20. പാടി കോളനി കുളം നവീകരണം-ബളാൽ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ബളാൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ പാടി എസ്.ടി. കോളനി കുളം നവീകരിച്ചു. പ്രവർത്തിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാമണി എം. നിർവ്വഹിച്ചു. മെമ്പർമാർ കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, മറ്റ് സന്നദ്ധപ്രവർത്തകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടുകൂടി കുളനവീകരണം പൂർത്തീകരിച്ചു. കാടുമൂടി ചപ്പുചവറുകൾ നിറഞ്ഞ് ഉപയോഗശൂന്യമായ കുളത്തെ 25 -ഓളം പ്രവർത്തകർ 3 ദിവസങ്ങളിലായി നവീകരിച്ച കുളത്തിന് 6 ലക്ഷത്തോളം ലിറ്റർ സംഭരണ ശേഷി ഉണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ചതിലൂടെ കോളനിയിലെ 36-ഓളം കുടുംബ ങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിച്ചു.

## 21. ചൈത്രവാഹിനി

കാസർഗോഡ് ജില്ലയിലെ ബളാൽ പഞ്ചായത്തിലുള്ള ചൈത്രവാഹിനി എന്ന നീർച്ചാലിന്റെ ശുചീകരണ പരിപാടി നടത്തി. ബഹു. ബളാൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം. രാധാമണി പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ്, ശ്രീ. രാജു കട്ടക്കയം, പരപ്പ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ശ്രീമതി മിനി മാത്യു, ശ്രീ. പി.ജി. ദേവ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ നടന്നു. ഇതിനു മുന്നോടിയായി വാർഡ് തലത്തിൽ ശുചിത്വ ബോധവൽക്കരണം നടത്തി. നീർച്ചാലുകളുടെ സംരക്ഷണത്തിനുവേണ്ടി പഞ്ചായത്തിലെ മുഴുവൻ കുടുംബാംഗങ്ങളെയും കുടുംബശ്രീ പ്രവർത്തകർ മുഖേന അതിന്റെ ഉറവിട സംരക്ഷണവും നടത്തിപ്പിനെക്കുറിച്ചും മാലിന്യ നിക്ഷേപത്തെക്കുറിച്ചും ബോധവൽക്കരിച്ചു. ബോധവൽക്കരണ ക്ലാസിൽ 262 പേർ പങ്കെടുത്തു. ഗ്രാമസഭ വഴിയും കുടുംബശ്രീ വഴിയും പ്രചാരണ പരിപാടികളും വിളംബര ഘോഷയാത്രകളും നടത്തി. 1.5 കി. മീറ്റർ പുഴ നടത്തവു 1.5 കി.മീറ്റർ ശുചീകരണവും നടത്തി. കൃഷിഭവന്റെ പങ്കാളിത്തത്തിനോടൊപ്പം 114 പേരുടെ സഹായം ലഭിച്ചു. ഭാവി പ്രവർത്തനമായി നീർച്ചാലുകളിൽ മഴക്കാല പൂർവ്വ ശുചീകരണം മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നടത്താൻ തീരുമാനിച്ചു. ഇതുകൂടാതെ പഞ്ചായത്ത് പരിധിയിലുള്ള പാടി എസ്.ടി. കോളനി കുളവും ഇതിന്റെ ഭാഗമായി നവീകരിച്ചു.

## 22. ദേലംപാടി ഗ്രാമപഞ്ചായത്ത്

ദേലംപാടി ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷന്റെ 2-ാം വാർഷികവുമായി ബന്ധപ്പെട്ട് 3 ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കാട്ടികളെയിൽ എസ്.ടി. ഫാമിലിക്ക് കിണർ നിർമ്മിച്ചു. പ്രവർത്തനത്തിന്റെ ഉദ്ഘാടനം അസി. സെക്രട്ടറി നിർവ്വഹിച്ചു. 8 പേർ പങ്കെടുത്തു. അധൂർ പെരിയടുക്കയിൽ മഴക്കുഴി നിർമ്മാണം ആശാ വർക്കർ നിർവ്വഹിച്ചു. 18 പേർ പങ്കെടുത്തു. മൺകയ്യാല ബളവനടക്കയിൽ പ്രവർത്ത നോദ്ഘാടനം വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർമാൻ നിർവ്വഹിച്ചു. 12 പേർ പങ്കെടുത്തു.

## 23. കൊട്ടംകുഴി കുളം

കാറഡുക്ക ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തോടനുബ ന്ധിച്ച് പഞ്ചായത്ത്തല പരിപാടിയുടെ ഉദ്ഘാടനം 13-ാം വാർഡ് കൊട്ടംകുഴിയിൽവച്ച് 12.12.2018 രാവിലെ 10 മണിക്ക് കാറഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അനസൂയ റൈ നിർവ്വഹിച്ചു.

ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഗോപാല കെ. അവതരിപ്പിച്ചു. 200-ഓളം പേർ പങ്കെടുത്ത പരിപാടിയിൽ ഒരു നാടിനാകെ കുടിവെള്ളം തരുന്ന ശുദ്ധജല സ്രോതസ്സായ കൊട്ടംകുഴിയിലെ വലിയ കുളവും പരിസരവും രണ്ടര മണിക്കൂർ നേരത്തേ പ്രയത്നം കൊണ്ട് ശുദ്ധീകരിക്കുവാൻ സാധിച്ചു. പരിപാടിയിൽ പങ്കെടുത്തവർ ഹരിത കേരളം സംബന്ധമായി വീടുകളിലും സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും ഹരിത നിയമാവലി പാലിക്കുമെന്ന പ്രതി ജ്ഞയെടുത്തു.

## 24. നീളംകയം, മഞ്ഞങ്ങാനം, ഒരള തോടുകൾ

കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിലെ നീളംകയം, മഞ്ഞങ്ങാനം, ഒരള എന്നിവിടങ്ങളിലെ തോടുകൾ വൃത്തിയാക്കുന്ന പ്രവർത്തനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ത്രേസ്യാമ്മ ജോസഫ് ഉദ്ഘാടനം ചെയ്തു. ഭരണസമിതി അംഗങ്ങ ളും 60-ഓളം തൊഴിലാളികളും പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുത്തു. ശുചീകരണ ത്തോടൊപ്പം തടയണ നിർമ്മിക്കുകയും ചെയ്തു.